2017 ജൂലൈ 25
വാല്യം 10
ലക്കം 14

ബിലീവേഴ്സ് ജേണൽ
BELIEVERS JOURNAL

RNI. NO. KERMAL/2008/26530 POSTAL Reg. No. KL/TLA /225/2015 - 17 Price Rs: 10/- Pages: 08

# 23–ാമത് നോർത്ത് അമേരിക്കൻ ചർച്ച് ഓഫ് ഗോഡ് കോൺഫറൻസ് ഒക്കലഹോമയിൽ








23–ാമത് നോർത്ത് അമേരിക്കൻ ചർച്ച് ഓഫ് ഗോഡ് കോൺഫറൻസിനു ഒക്കലഹോമ സിറ്റി ആതിഥേയത്വം വഹിക്കും. നാഷണൽ പ്രസിഡന്റായി പാസ്റ്റർ ജെയിംസ് റിച്ചാർഡ് നേരത്തെ തെരഞ്ഞെടുക്കപ്പെട്ടിരുന്നു. ജൂലൈ 14നു ഹൂസ്റ്റണിൽ വെച്ച് നടന്ന പൊതുയോഗം മറ്റ് നാഷണൽ ഭാരവാഹികളെയും തിരഞ്ഞെടുത്തു. പാസ്റ്റർ ഫിജോയി എൽ. ജോൺസൺ (വൈസ് പ്രസിഡന്റ്), വിജു തോമസ് (നാഷണൽ സെക്രട്ടറി), ഡേവിഡ് കുരുവിള (നാഷണൽ ട്രഷറാർ), ഇവാ. ബെഞ്ചമിൻ വർഗീസ് (നാഷണൽ യൂത്ത് കോർഡിനേറ്റർ), പ്രസാദ് തീയാടിക്കൽ (നാഷണൽ മീഡിയ കോർഡിനേറ്റർ) എന്നിവരാണ് തിരഞ്ഞെടുക്കപ്പെട്ടത്. 2018 ജൂലൈയിലായിരിക്കും കോൺഫറൻസ് നടക്കുക.

# ഐപിസി ഫാമിലി കോൺഫറൻസ് ന്യൂജേഴ്സി ഒരുങ്ങി


റവ. ജോസഫ് വില്യംസ്


ബ്രദർ വർഗീസ് ഫിലിപ്പ്


ബ്രദർ ബാബു കൊടുന്തറ


വെസ്ലി ആലുംമൂട്ടിൽ

**ന്യൂജേഴ്സി:** ഐപിസി 15–ാമത് കുടുംബ സംഗമത്തിന്റെ ഒരുക്കങ്ങൾ പൂർത്തിയായതായി നാഷണൽ കൺവീനർ പാസ്റ്റർ ജോസഫ് വില്യംസ് അറിയിച്ചു. ജൂലൈ 27–30 വരെ ന്യൂജേഴ്സി ചെറിഹിൽ ക്രൗൺപ്ലാസാ ഹോട്ടൽ ആഡിറ്റോറിയത്തിലാണ് സമ്മേളനം നടക്കുന്നത്. “സമയം തക്കത്തിൽ ഉപയോഗിപ്പിൻ” (എഫെ. 5:16) എന്നതാണ് മുഖ്യ ചിന്താവിഷയം. പ്രസിദ്ധരായ പ്രസംഗകരാണ് അതിഥി പ്രസംഗകരായി എത്തിച്ചേരുന്നത്. പാസ്റ്റർമാരായ കെ. ജെ. തോമസ്, ഷിബു തോമസ്, ജേക്കബ് മാത്യു, സാം ജോർജ്ജ്, ഡോ. വത്സൻ ഏബ്രഹാം എന്നിവരാണ് മലയാള വിഭാഗത്തിലെ പ്രധാന പ്രസംഗകർ. ഇവരെകൂടാതെ നോർത്തമേരിക്കയിലുള്ള ഐപിസി ശുശ്രൂഷകന്മാരും വിവിധ മീറ്റിംഗുകളിൽ ശുശ്രൂഷിക്കും. യുവജനങ്ങളുടെ ഇടയിൽ ശക്തമായി പ്രയോജനപ്പെട്ടുക്കൊണ്ടിരിക്കുന്ന അനുഗ്രഹീത പ്രഭാഷകനാണ് റവ. മൈക്കിൾ മാറ്റ്സ്. ഇംഗ്ലീഷിൽ നടക്കുന്ന മീറ്റിംഗുകളിൽ സിസ്റ്റർ ജസ്സി ജെയ്സൺ പ്രസംഗിക്കും. മലയാളത്തിലും ഇംഗ്ലീഷിലും പ്രത്യേകമായി മീറ്റിംഗുകൾ ക്രമീകരിച്ചിട്ടുണ്ട്. കുട്ടികൾക്കുവേണ്ടിയും പ്രത്യേക മീറ്റിംഗുകൾ നടക്കും. വിവിധ മീറ്റിംഗുകളിൽ ഐപിസി ഫാമിലി കോൺഫറൻസ് ക്വയർ ഗാനശുശ്രൂഷ നിർവ്വഹിക്കും. അന്തർദേശീയ നിലവാരമുള്ള ക്രൗൺ പ്ലാസാ ഹോട്ടലിലെ മിക്ക മുറികളും ബുക്ക് ചെയ്തു കഴിഞ്ഞു. പ്രീ രജിസ്ട്രേഷൻ ജൂൺ 30 വരെ മാത്രമേയുള്ളൂ. പെന്തെക്കോസ്തർ തിങ്ങിപാർക്കുന്ന ന്യൂയോർക്ക് ഫിലിദൽഫിയാ സിറ്റിയുടെ മധ്യത്തി

06

# ഏ.ജി. മലയാളം ഡിസ്ട്രിക്ട് യുവജന ക്യാമ്പ് കുട്ടിക്കാനത്ത്

**പുനലൂർ:** ഏ.ജി മലയാളം ഡിസ്ട്രിക്ട് കൗൺസിൽ യുവജനവിഭാഗമായ ക്രൈസ്റ്റ് അംബാസിഡേഴ്സിന്റെ (CA) വാർഷിക യുവജന ക്യാമ്പ് സെപ്റ്റംബർ 5 ചൊവ്വ – 8 വെള്ളി വരെ ഇടുക്കി ജില്ലയിലെ കുട്ടിക്കാനം മാർ ബസേലിയോസ് ക്രിസ്ത്യൻ കോളേജ് ഓഫ് എഞ്ചിനിയറിംഗ് ആൻഡ് ടെക്നോളജിയിൽ നടക്കും.

5 ചൊവ്വ രാവിലെ 10 മണിക്ക് ഏ.ജി എക്സിക്യൂട്ടീവ് കമ്മറ്റിയംഗം റവ. എ.എ ഫിലിപ്പ് ക്യാമ്പ് ഉദ്ഘാടനം ചെയ്യും. പ്രസ്തുത സമ്മേളനത്തിൽ സി.എ വൈസ് പ്രസിഡന്റ് റവ. ഷിജു വർഗീസ് അദ്ധ്യക്ഷനായിരിക്കും.

ആസ്പിലോസ് (ലോകത്താലുള്ള കളങ്കം പറ്റാതെ നിങ്ങളെത്തന്നെ സൂക്ഷിക്കുക)എന്ന വിഷയത്തെ ആസ്പദമാക്കി അനുഗ്രഹീതരും വചന പരിജ്ഞാനമുള്ളവരുമായ ദൈവദാസന്മാർ ശുശ്രൂഷിക്കുന്നതാണ്.

പാസ്റ്റർ പ്രഭാ ടി. തങ്കച്ചൻ (ഫസ്റ്റ് ഏ.ജി കുവൈറ്റ്) പാസ്റ്റർ അനിൽ അലക്സാണ്ടർ (മുബൈ) എന്നിവർ പ്രധാനപ്രസംഗകരായിരിക്കും. റവ. പി.എസ് ഫിലിപ്പ് (ഏ.ജി മലയാളം ഡിസ്ട്രിക്ട് അസിസ്റ്റന്റ് സൂപ്രണ്ട്), റവ. ബിനോയ് പി.ഏബ്രഹാം (ചെയർമാൻ IAG UK & Europe) എന്നിവരും പ്രധാന യോഗങ്ങളിൽ ശുശ്രൂഷിക്കുന്നതാണ്. കൂടാതെ ഏ.ജി മേഖല ഡ

06

# പി. വൈ. പി. എ. സംസ്ഥാന താലന്ത് പരിശോധന ഡിസംബർ 16ന്

**കുമ്പനാട്:** കേരള സ്റ്റേറ്റ് പി. വൈ. പി. എ. താലന്ത് പരിശോധന ഈ വർഷം ഡിസംബർ 16ന് കുമ്പനാട് ഹെബ്രോൻപുരത്തു വച്ച് നടക്കുമെന്ന് സംസ്ഥാന താലന്ത് കൺവീനർ ബ്രദർ ഷെറിൻ ജേക്കബ് അറിയിച്ചു. സ്റ്റേറ്റ് എക്സിക്യൂട്ടീവുമായുള്ള കൂടിയാലോചനയ്ക്കു ശേഷമാണ് തീയതികൾ സംബന്ധിച്ച അന്തിമ തീരുമാനം ഉണ്ടായത്. പുതിയ സമയക്രമം അനുസരിച്ചു ലോക്കൽ താലന്ത് പരിശോധനകൾ സെപ്റ്റംബർ 30ന് മുമ്പും സെന്റർ താലന്തു പരിശോധന ഒക്ടോബർ 30ന് മുമ്പും, സോണൽ താലന്ത് പരിശോധനകൾ നവംബർ 25ന് മുമ്പും പൂർത്തിയാക്കി മത്സരഫലം മേൽ ഘടകത്തിന് കൈമാറണം.

പരാതികളോ പിഴവുകളോ ഇല്ലാത്ത രീതിയിൽ തികച്ചും സുതാര്യമായ മത്സരക്രമമാണ് ഈ വർഷം അണിയറയിൽ ഒരുങ്ങുന്നത്. പൂർണ്ണമായി കമ്പ്യൂട്ടർവൽകരിച്ച ടാബുലേഷൻ സംവിധാനങ്ങളും പൊതു സമ്മതരായ ജഡ്ജിംഗ് പാനലും, പുതിയ മത്സര ഇനങ്ങളും എല്ലാം ഉൾപ്പെടുത്തി താലന്ത് പരിശോധന ആകർഷകമാക്കാനുള്ള ശ്രമത്തിലാണ് സംഘാടകർ. മത്സരാർത്ഥികൾക്കു വേണ്ടി ആശയകുഴപ്പങ്ങൾ ഒഴിവാക്കിയുള്ള വിശദമായ മാർഗാവലിയും തയ്യാറായി കഴിഞ്ഞു.

# ലുധിയാനയിൽ പാസ്റ്റർ വെടിയേറ്റ് മരിച്ചു




**ലുധിയാന:** സലിം ടാബ്രിയിൽ പാസ്റ്റർ വെടിയേറ്റ് മരിച്ചു. മോട്ടോർ സൈക്കിളിൽ മുഖംമൂടി ധരിച്ചു വന്ന രണ്ടുപേർ ചർച്ചിന്റെ മുമ്പിൽ മൊബൈലിൽ സംസാരിച്ചു കൊണ്ടുനിന്ന പാസ്റ്റർ സുൽത്താൻ മസ്സിയെ (52) വെടിവച്ചു വീഴ്ത്തുകയായിരുന്നു.

കഴുത്തിനും നെഞ്ചിനുമായി വെടിയേറ്റ പാസ്റ്റർ സുൽത്താൻ മസ്സിയെ ദയാനന്ദ് മെഡിക്കൽ കോളേജ് ഹോസ്പിറ്റലിലേക്ക് കൊണ്ടുപോയെങ്കിലും പിന്നീട് ഹോസ്പിറ്റലിൽ മരണം സ്ഥിതീകരിക്കുകയാണുണ്ടായത്.

ടെംപിൾ ഓഫ് ഗോഡ് ചർച്ചിന്റെ സ്ഥാപകനായ ഇദ്ദേഹം കഴിഞ്ഞ 25 വർഷത്തിൽപരമായി പാസ്റ്ററായി സേവനം അനുഷ്ഠിക്കുന്നതിനോടൊപ്പം തന്നെ നിർധനരായ കുട്ടികൾക്കുവേണ്ടിയുള്ള ഒരു സ്കൂളും നടത്തി വരികയായിരുന്നു.

## സാക്ഷി



പാസ്റ്റർ സുൽത്താൻ മസ്സി വെടിയേറ്റു മരിച്ചു – വാർത്ത

*സഭ ഉണർന്നു പ്രാർത്ഥിക്കാൻ സമയം അതിക്രമിച്ചു*

# ഇറാക്കിലെ നഗരങ്ങളിലേക്ക് ക്രൈസ്തവർ മടങ്ങാൻ മടിക്കുന്നു

● പ്രകാശ് പി. കോശി





ഐസിന്റെ പതനത്തിനുശേഷം ഇറാക്കിലെ ക്രൈസ്തവർ തങ്ങളുടെ ഭവനങ്ങളിലേക്കും നഗരങ്ങളിലേക്കും മടങ്ങാൻ ഭയക്കുന്നു. ഐസ് തകർന്നടിഞ്ഞെങ്കിലും ഐസിന്റെ തുടക്കത്തിനും വളർച്ചയ്ക്കും കാരണമായ ആശയങ്ങൾ ഇറാക്കിൽ നിന്ന് മാഞ്ഞ് പോയിട്ടില്ല. മൂന്ന് വർഷത്തെ ജിഹാദി ഭരണ ശേഷം ഐസ് ബാക്കി വച്ചത് മനുഷ്യവാസത്തിന് യോഗ്യമല്ലാത്ത തകർന്നടിഞ്ഞ കെട്ടിടങ്ങളും സഞ്ചാര യോഗ്യമല്ലാത്ത റോഡുകളും മാത്രമാണ്.

മൊസുളിൽ അടിസ്ഥാന സൗകര്യങ്ങൾ പഴയ പടിയിൽ ആക്കാൻ ഒരു ബില്യൺ ഡോളറിന്റെ ചെലവ് വരും എന്ന് യു.എൻ (UN) കണക്കുകൾ സൂചിപ്പിക്കുന്നു. ക്രൈസ്തവ ഭൂരിപക്ഷം ഉണ്ടായിരുന്ന റഖ, ക്വരാകോഷ് എന്നീ ചെറു നഗരങ്ങളിൽ താമസിക്കാൻ ഇരുനൂറിലധികം കുടുംബങ്ങളെ ഇപ്പോൾ ഉള്ളൂ.

ഐസിന്റെ ഭടന്മാർ ക്രമീകൃതമായ രീതിയിൽ ഈ നഗരങ്ങളിലെ ഓരോ വീടുകളും കയറി കൊള്ളയടിച്ചു. മോഷ്ടിക്കാൻ പറ്റുന്ന എല്ലാവിധ ഉപകരണങ്ങളും കടത്തിയശേഷം വീടു

06

ബിലീവേഴ്സ് ജേണൽ

പത്രാധിപ സമിതി

രക്ഷാധികാരി
റവ. ജോർജ്ജ് വി. മേക്കാട്ട്

ചെയർമാൻ
രാജൻ ആര്യപ്പള്ളിൽ

വൈസ് ചെയർമാൻ
വിൽസൺ ജോർജ്ജ്

ചീഫ് എഡിറ്റർ
പാസ്റ്റർ സാംകുട്ടി മാത്യു

മാനേജിംഗ് എഡിറ്റർ
എം.വി. ഫിലിപ്പ്

ഗൾഫ് എഡിറ്റർ
പാസ്റ്റർ ബിജു ജോയി

സർക്കുലേഷൻ മാനേജർ
ബ്രദർ കെ. റ്റി. ജോഷ്വാ കണ്ടങ്കേരിൽ

കോർഡിനേറ്റർ
പാസ്റ്റർ കെ. ജെ. മാത്യു

മലബാർ കോർഡിനേറ്റർ
പാസ്റ്റർ ജോബിൻ കെ. ജോൺ



**ബിലീവേഴ്സ് ജേണൽ**

വാർഷിക വരിസംഖ്യ

ഇന്ത്യയിൽ: 200 രൂപ
യു.എസ്.എ. & കാനഡ: $ 40
യു.കെ: £ 20
ആയുഷ്കാലം: 2000 രൂപ
ഗൾഫ് രാജ്യങ്ങൾ: 1500 രൂപ

**വരിസംഖ്യ അയയ്ക്കേണ്ട വിലാസം**

ബിലീവേഴ്സ് ജേണൽ
P.O.Box:31
Manjadi .P.O.,
Thiruvalla - 689 105
Kerala, India

BELIEVERS JOURNAL
P.O.Box: 620742
Atlanta, GA 30362
USA

Mob: 09447368795 (INDIA)
OFFC: 0469 2666995
Ph: 001 - 678 - 571 - 6398 (USA)

E- mail
beljourn@gmail.com

Website
www.beljourn.com
www.beljourn.in



**അറിയിപ്പ്**

ബിലീവേഴ്സ് ജേണലിൽ വരുന്ന ലേഖനങ്ങളിലെയും പതിവു പംക്തികളിലെയും ആശയങ്ങളുടെയും അഭിപ്രായങ്ങളുടെയും ഉത്തരവാദിത്വം എഴുത്തുകാർക്കുമാത്രമാണ്.

പത്രാധിപർ


# അഭിനയ ചക്രവർത്തിയുടെ അറസ്റ്റും ചില ആത്മീയകാര്യങ്ങളും






ബ്രദർ രാജൻ ആര്യപ്പള്ളിൽ
ചെയർമാൻ

സെക്കുലർ മാധ്യമങ്ങളുടെ കാര്യം വളരെ രസകരമാണ്. ഇന്നത്തെ ചാനൽ ചർച്ചകളാകട്ടെ അതിലേറെ രസകരം. ഉള്ളി പൊളിച്ചതുപോലെയുള്ള വിഷയങ്ങൾപോലും പ്രധാനസമയത്ത് ചർച്ചയാക്കുന്ന ചാനൽനാടകം ജനത്തിന് ബോറടിച്ചുതുടങ്ങി. വാർത്തകളുടെ പിന്നാലെ പായുമ്പോൾ എന്തും വാർത്തയാക്കുന്ന നിലയിലേക്ക് നമ്മുടെ ചാനലുകൾ തരംതാണുവോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. എന്നാൽ നടിയെ പീഡിപ്പിച്ച സംഭവത്തിൽ ചില മാധ്യമങ്ങൾ കാണിച്ച ജാഗ്രത അഭിനന്ദനാർഹമാണ്. പോലീസ് അറസ്റ്റ് ചെയ്ത ദിലീപ് എന്ന നടൻ കുറ്റക്കാരനാണോ എന്ന് കോടതിയാണ് വിധിക്കേണ്ടത്. എന്നാൽ തനിക്കെതിരെ തെളിവുകളുമായി പോലീസ് ജാഗ്രതയോടെ സഞ്ചരിച്ചതിന്റെ ഫലമായിട്ടാണ് അദ്ദേഹം തടവറയിലെത്തേണ്ടിവന്നത്. മാധ്യമങ്ങളിൽ വരുന്ന വാർത്തകൾ അനുസരിച്ചാണെങ്കിൽ ഒരു മനുഷ്യനും ഇത്രമാത്രം തരംതാഴുവാൻ പാടില്ല. ആനപ്പകയോടെ പ്രതികാരത്തിനിറങ്ങിയ വ്യക്തി എത്ര ഉന്നതനായാലും അംഗീകരിക്കുവാൻ പാടില്ല. എനിക്ക് രസകരമായി തോന്നിയത് ഈ സംഭവശേഷം ദിലീപ് എന്ന നടൻ നടത്തിയ അഭിനയമാണ്. ജിഷാവധം നടന്ന സമയത്ത് ദിലീപ് ഇട്ട ഫേസ്ബുക്ക് പോസ്റ്റ്, നടിക്ക് പീഡനമേറ്റ സമയത്ത് നടത്തിയ പ്രസ്താവനകൾ എല്ലാം എത്ര വിദഗ്ധമായ അഭിനയത്തിന്റെ തെളിവുകളാണ്. മനസ്സിൽ പക വെച്ച് പുലർത്തുകയും പുറമെ ചിരിക്കുകയും ചെയ്യുന്ന ആ അഭിനയത്തിന്റെ മുഖംമൂടിയാണ് ഇപ്പോൾ സമൂഹമധ്യേ വലിച്ച് ചീന്തപ്പെട്ടത്. അത്താഴപട്ടിണിക്കാരായ പാവങ്ങളുടെ പണം കൊണ്ട് കൊഴുത്തുതടിച്ചവരാണ് സിനിമാലോകത്തുള്ളത്. മനുഷ്യർ എന്നതിനപ്പുറം വിണ്ണിലെ താരങ്ങളായി മാറിയവർ കാട്ടിക്കൂട്ടുന്ന കോപ്രായങ്ങളും അവർ ഉണ്ടാക്കിയെടുത്ത അധോലോക സംസ്കാരവുമൊക്കെ കേരളജനതയ്ക്ക് ഉൾക്കൊള്ളുവാൻ കഴിയുന്നതല്ല. നമ്മുടെ രാജ്യത്തിന്റെ പ്രത്യേകിച്ച് നമ്മുടെ സംസ്ഥാനത്തിന്റെ സാംസ്കാരിക പൈതൃകം കളഞ്ഞ് കുളിച്ചതിൽ വലിയൊരു പങ്ക് ഈ സിനിമാലോകത്തിന് ഉണ്ട് എന്നത് ആർക്കും നിഷേധിക്കുവാൻ കഴിയില്ല. ഇപ്പോൾ പുറത്തുവരുന്ന വാർത്തകൾ ശരിയാണെങ്കിൽ മയക്കുമരുന്ന്, ഗുണ്ടായിസം ഈ മേഖലകളിലെല്ലാം ചില സിനിമാപ്രവർത്തകരുടെ പങ്ക് വളരെ വലുതാണ്. രാജ്യ താല്പര്യവും നിയമവുമാണ് പ്രധാനം. അതനുസരിക്കുവാൻ ഓരോ പൗരനും ബാധ്യസ്ഥരുമാണ്. രാജ്യത്തിന്റെ നിയമസംവിധാനങ്ങളെ വെല്ലുവിളിക്കുവാൻ ഒരു താരത്തെയും അനുവദിക്കുവാൻ പാടില്ല. അവരും നിയമത്തിൻകീഴിലാണ് എന്ന വസ്തുത അവരും മറക്കാതിരിക്കട്ടെ. ഒരു സഹപ്രവർത്തകയെ അതിക്രൂരമായി പീഡിപ്പിക്കുവാൻ ഗുണ്ടയെ നിയോഗിക്കുകയും അതിനായി ഒന്നരകോടി രൂപയുടെ ക്വട്ടേഷൻ നൽകുകയും ചെയ്ത സംഭവം അത്രപെട്ടെന്ന് പൊറുക്കുവാൻ കേരളജനതയ്ക്ക് ആകും എന്ന് തോന്നുന്നില്ല. ഇതൊക്കെ പുറമേ കാണുന്ന ചെറിയ മഞ്ഞുമലകൾ മാത്രം. ഇതിലും എത്രയോ വലിയ കുറ്റവാളികൾ ഇന്നും തിരശ്ശീലയ്ക്ക് പുറകിൽ മറഞ്ഞിരുന്ന് ചരടുകൾ വലിക്കുന്നു.

നമ്മുടെ പെന്തെക്കോസ്ത് സമൂഹത്തിലേക്ക് കണ്ണോടിച്ചാലും സ്ഥിതി വിഭിന്നമല്ല. ഒരിക്കൽ നമുക്കുമാത്രം അവകാശപ്പെടാൻ ഉണ്ടായിരുന്ന സവിശേഷ ഗുണങ്ങൾ ഉണ്ടായിരുന്നു. ഒറ്റവാക്കിൽ വേർപാട് എന്ന് പിതാക്കന്മാർ പഠിപ്പിച്ചതിൽ എല്ലാം അടങ്ങിയിരുന്നു. നിഷിധമായിരുന്ന എത്രയോ കാര്യങ്ങളായിരുന്നു നമുക്കുണ്ടായിരുന്നത്. നാം ചെയ്യുവാൻ പാടില്ലാത്തതും ഇടപെടുവാൻ പാടില്ലാത്തതും പറയുവാൻ പാടില്ലാത്തതുമായി എത്രയോ കാര്യങ്ങൾ. എന്നാൽ അതെല്ലാം പഴഞ്ചൻ എന്ന ലേബൽ നൽകി ചവറ്റുകൊട്ടയിൽ എറിയപ്പെട്ടുകഴിഞ്ഞു. സിനിമ കാണുവാനോ സിനിമാഗാനങ്ങൾ പാടുവാനോ നമുക്ക് അനുവാദമില്ലായിരുന്നു. കാലം കഴിഞ്ഞപ്പോൾ നമ്മുടെ ചില നേതാക്കന്മാരുടെ മക്കൾ സിനിമാ നിർമ്മാതാക്കളായി മാറി. നടീനടന്മാരെയും സംവിധായകരെയും സിനിമാപ്രവർത്തകരെയുമൊക്കെ സ്റ്റേജുകളിൽ നമ്മൾ എഴുന്നെള്ളിച്ച് സാക്ഷ്യപ്രസ്താവനയും പ്രസംഗവും നടത്തിച്ചു. മദ്യപാനം ഗുരുതര തെറ്റായിരുന്നെങ്കിൽ ഇന്ന് മദ്യപാനികൾ നേതൃനിരയിൽ പോലും പെന്തെക്കോസ്തിൽ ഉണ്ട് എന്നത് ശക്തമായ ആരോപണമാണ്. തട്ടിപ്പുകാർ പെന്തെക്കോസ്തിൽ താഴെതട്ടു മുതൽ മേൽതട്ട് വരെ കൊടികുത്തിവാഴുകയാണ്. മിതവാദികളും ആത്മീയരുമെല്ലാം പടിക്ക് പുറത്തായിക്കഴിഞ്ഞു. പകരം മാഫിയകളുടെ തലവന്മാർ പെന്തെക്കോസ്തിനെ നിയന്ത്രിക്കുന്ന അവസ്ഥയിലേക്ക് എത്തിക്കഴിഞ്ഞു.

സിനിമാ താരങ്ങളെ വെല്ലുന്ന അഭിനയമാണ് മിക്ക പ്രസംഗകരും സ്റ്റേജിൽ നടത്തുന്നത്. നമ്മുടെ നേതാക്കന്മാരാകട്ടെ ഓസ്കാർ നേടാൻ എന്തുകൊണ്ടും യോഗ്യർ 'അകമേ കടിച്ചുകീറുന്ന ചെന്നായ്ക്കൾ' പുറമെ കുഞ്ഞാടിന്റെ വേഷം കെട്ടിയാടുന്ന ആത്മീയരംഗമാണ് ഇന്ന്. ന്യായവിധിയെക്കുറിച്ച് ബോധമില്ലാത്ത തലമുറ. ന്യായം വിധിപ്പാൻ കർത്താവ് വരുന്നു. അതു മറക്കാതിരിക്കുക. ദിലീപ് എന്ന നടന്റെ അനുഭവം ഒരു പാഠമാകട്ടെ.

# കുറ്റബോധത്തിൽ നിന്നു മോചനം ഉണ്ടോ?






ബിനു ജോസഫ്
വടശ്ശേരിക്കര

ഇന്നത്തെ സമൂഹത്തിന്റെ ഏറ്റവും വലിയ ശാപം കുറ്റബോധത്താൽ നിറയപ്പെട്ട മനസ്സാണ്. അറിഞ്ഞോ അറിയാതെയോ ചെയ്തുപോയ തെറ്റുകളെപ്പറ്റി ചിന്തിക്കുമ്പോഴുണ്ടാകുന്ന വേദനിപ്പിക്കുന്ന ഓർമ്മകളാണു കുറ്റബോധം. ഇങ്ങനെയുള്ളവരുടെ മന:സാക്ഷിയെ ന്യായീകരിക്കുവാൻ ആർക്കും കഴിയുകയില്ല. മന:സാക്ഷിയിൽ എല്ക്കുന്ന ക്ഷതം കുറ്റബോധമായി അവശേഷിക്കും. ഇതിനു കാരണങ്ങൾ പലതുണ്ടാകാം. കാരണം എന്തു തന്നെ ആയിരുന്നാലും കുറ്റബോധം മനുഷ്യന്റെ ആത്മിക, ശാരീരിക മണ്ഡലങ്ങളെ സാരമായി ബാധിക്കും. കുറ്റബോധത്തിന്റെ ആധിക്യത്താൽ ദാവീദിന്റെ ഹൃദയത്തിൽ നിന്നും പൊങ്ങി വന്ന ഗാനാലാപനങ്ങളാണ് 32-ഉം 51-ഉം സങ്കീർത്തനങ്ങൾ. ഇവിടെ ദാവീദു പാടുന്നു: "ഞാൻ നിർമ്മലനാകേണ്ടതിന് ഈ സോപ്പുകൊണ്ട് എന്നെ ശുദ്ധീകരിക്കേണമെ...സന്തോഷവും ആനന്ദവും എന്നെ കേൾക്കുമാറാക്കേണമെ. എന്റെ പാപങ്ങളെ കാണാതവണ്ണം നിന്റെ മുഖം മറയ്ക്കേണമെ; എന്റെ അകൃത്യങ്ങളെ ഒക്കെയും മായിച്ചുകളയേണമെ" (സങ്കീ.51:7-9).

കുറ്റബോധത്തിന്റെ ഭവിഷ്യത്തുകളിൽ ചിലത് ഇവിടെ ഗോചരമാണ്. അശുദ്ധി, ദുഃഖം,നിരാശ മുതലായവ ദാവീദിന്റെ ഹൃദയത്തിൽ തളം കെട്ടി നിൽക്കുന്നു. ഒരു പക്ഷെ കുറ്റബോധം ആത്മഹത്യയിലേക്കു വരെ നയിക്കാം. "കുറ്റബോധത്തിന് അതിന്റെ രഹസ്യം സൂക്ഷിക്കാനാവില്ലാത്തുകൊണ്ട് ആത്മഹത്യ അതിന്റെ കുമ്പസാരമാണ്" എന്ന് വെബ്സ്റ്റർ പറഞ്ഞിരിക്കുന്നു.

കുറ്റബോധം ഉണ്ടാകുവാൻ പ്രാധാനമായി രണ്ടു കാരണങ്ങളുണ്ട്. ഒന്ന്: മന:സാക്ഷിക്കു നിരക്കാത്ത പ്രവർത്തനം. രണ്ട്: സാമൂഹിക നിയമങ്ങളുടെ ലംഘനവും ദൈവകല്പനയോടുള്ള മറുതലിപ്പും. സ്വന്തം മന:സാക്ഷിക്കു നിരക്കാത്ത ഏതൊരു പ്രവർത്തിയും കുറ്റബോധത്തിലേക്കു നയിക്കും. കൊലപാതകം, വ്യഭിചാരം, മോഷണം, മദ്യപാനം, പരദൂഷണം, സ്വയംഭോഗം, സ്വവർഗ്ഗഭോഗം, അവിശ്വസ്തത, വഞ്ചന, കവർച്ച, കൈക്കൂലി, മായം ചേർക്കൽ, വിശ്വാസ വഞ്ചന ഇവയെല്ലാം കുറ്റബോധം ഉളവാക്കുന്ന പ്രവർത്തികളാണ്. ദൈവകല്പനയുടെ ലംഘനത്തിൽ ദൈവഹിതത്തിന് എതിരായ ചിന്തയും, നോട്ടവും, പ്രവർത്തിയും ഉൾപ്പെടുന്നു. ഇന്നത്തെ മനുഷ്യനെ കാർന്നു തിന്നുകൊണ്ടിരിക്കുന്ന മാനസികാർബുദമാണു കുറ്റബോധം. മറ്റുള്ളവർ തന്റെ തെറ്റ് അറിയുമോ? ദൈവം ക്ഷമിക്കുമോ? തെറ്റിലെ പങ്കാളി ക്ഷമിക്കുമോ? ദൈവം ശിക്ഷിക്കുമോ? ഭാവിയെ ദോഷമായി ബാധിക്കാമോ? ഇങ്ങനെ നിരവധി ചോദ്യങ്ങൾ കുറ്റബോധം നിറഞ്ഞ മനസ്സിൽ നിന്ന് ഉയർന്നു വരാം. ഇതിന്റെ പരിഹാരം അന്വേഷിച്ചു തെറ്റ് ആവർത്തിക്കുന്നവരും ഉണ്ട്.

എന്നാൽ പറയട്ടെ: നിങ്ങൾ നേരിടുന്ന കുറ്റബോധം ഏതു തരത്തിൽ പെട്ടതാണെങ്കിലും പരിഹാരം ഉണ്ട്.

**ഇതിന്റെ ഉപാധികൾ**

ഒന്ന്: നിങ്ങളിൽ കുറ്റബോധം ഉണ്ടാക്കിയ തെറ്റുകൾ മനസ്സിലാക്കുക.

രണ്ട്: അതിന്റെ അനന്തരഫലങ്ങളെ വിശകലനം ചെയ്യുക.

മൂന്ന്: പരിഹാര മാർഗ്ഗം സ്വീകരിക്കുവാൻ തയ്യാറാകുക.

നാല്: കുറ്റബോധത്തിൽനിന്നു മോചനം പ്രാപിക്കുക.

വിശുദ്ധ ബൈബിൾ പറയുന്നു: "തന്റെ തെറ്റുകളെ മറച്ചു വയ്ക്കുന്നവനു ശുഭം വരികയില്ല. അവയെ ഏറ്റു പറഞ്ഞ് ഉപേക്ഷിക്കുന്നവനു കരുണ ലഭിക്കും" (സദൃ.28:13). മാനസാന്തരവും ഏറ്റുപറച്ചിലും എന്താണെന്നു മനസിലാക്കുവാൻ മുടിയൻ പുത്രനെക്കുറിച്ച് യേശു പറഞ്ഞിരിക്കുന്ന ഉപമ വായിക്കുക. (ലൂക്കോ.15:11-24). ഇതുപോലെ ഒരനുഭവം നിങ്ങളുടെ ജീവിതത്തിലും ഉണ്ടാകണം. നിങ്ങളുടെ തെറ്റുകളെക്കുറിച്ച് അനുതപിച്ച് ഏറ്റു പറയുമ്പോൾ അവയെ ക്ഷമിക്കുവാനും നിങ്ങളുടെ ഹൃദയത്തെ ശുദ്ധീകരിക്കുവാനും യേശുവിനു കഴിയും. ദൈവവചനം പറയുന്നു: "യേശുവിന്റെ രക്തം സകല പാപവും പോക്കി നമ്മെ ശുദ്ധീകരിക്കുന്നു" (1യോഹ.1:7-9). ഹൃദയംഗമായി യേശുവിനോട് ഏറ്റു പറഞ്ഞ തെറ്റുകൾ അവിടുന്നു ക്ഷമിച്ചിരിക്കുന്നതിനാൽ ഒരു മുന്നറിയിപ്പ്. 'ഇനിയും പാപം ചെയ്യരുത്' മാത്രമല്ല, നിങ്ങൾ മറ്റാരോടെങ്കിലും തെറ്റു ചെയ്തു. ആകാത്തതു സംസാരിച്ചു നഷ്ടം വരുത്തി എന്നിങ്ങനെയുള്ള കുറ്റബോധം അനുഭവിക്കുന്നുണ്ടെങ്കിൽ അവരോടു ക്ഷമ ചോദിച്ച് നിങ്ങൾക്കു തെറ്റു പറ്റിപ്പോയി എന്നു പറയുക. തുടർന്നു തെറ്റിലേക്കു നയിക്കപ്പെടാവുന്ന സാഹചര്യങ്ങളോടു വിട പറയുക. യേശുവിനായി ഹൃദയം തുറന്നു കൊടുക്കുക. യേശുവിനെ കർത്താവും രക്ഷിതാവുമായി അംഗീകരിച്ച് ദൈവീക കൂട്ടായ്മയിൽ വസിക്കുക. ദൈവകല്പനകൾ അനുസരിക്കുക.

നിങ്ങൾ ഇപ്രകാരം ചെയ്തു കഴിഞ്ഞു എങ്കിൽ യേശുവിനെ നിങ്ങളുടെ ഹൃദയത്തിലേക്കു സ്വീകരിക്കുക. യേശു തന്നെ നിങ്ങളുടെ പ്രവർത്തികളെയും ചിന്തകളെയും സംസാരത്തെയും നവീകരിക്കുവാൻ അനുവദിക്കുമ്പോൾ ജീവിതം പ്രത്യാശയും സന്തോഷവും സമാധാനവും നിറഞ്ഞതായിത്തീരും. തുടർന്ന് കർത്താവിനെ ആത്മാവിലും സത്യത്തിലും ആരാധിക്കുക.

# 35-ാമത് പിസിനാക് കോൺഫറൻസിന് അനുഗ്രഹ സമാപ്തി



കൊളംബസ് പട്ടണത്തിൽ ആദ്യമായി നടന്ന നോർത്തമേരിക്കൻ മലയാളി പെന്തെക്കോസ്ത് കോൺഫറൻസ് ജൂലൈ 2-നു വിജയകരമായി സമാപിച്ചു. ജൂൺ 29-നു പാസ്റ്റർ ജേക്കബ് ജോർജ്ജിന്റെ അദ്ധ്യക്ഷതയിൽ കൂടിയ സമ്മേളനം കൺവീനർ ടോമി ജോസഫ് ഉത്ഘാടനം ചെയ്തു. വളരെ ചുരുക്കം വിശ്വാസികൾ മാത്രം പാർക്കുന്ന കൊളംബസ് പട്ടണത്തിൽ ഈ കോൺഫറൻസിനായി ഒരു വലിയ വിശ്വാസി സമൂഹം കൂടി വന്നത് സംഘാടകരെ പോലും അത്ഭുതപ്പെടുത്തുന്നതായിരുന്നു. സമ്മേളനത്തിന്റെ ആദ്യദിനം മുതൽ തന്നെ ആത്മീയ ഉണർവ്വിന്റെ ശക്തമായ സാന്നിധ്യം പങ്കെടുത്ത ഏവർക്കും അനുഭവേദ്യമായിരുന്നു.

നാട്ടിൽ നിന്നും നോർത്തമേരിക്കയുടെ വിവിധ സംസ്ഥാനങ്ങളിൽ നിന്നും വന്ന ദൈവദാസന്മാരുടെ അനുഗ്രഹീത സന്ദേശങ്ങൾ പങ്കെടുത്തവരിൽ ആത്മീക ഉണർവ്വ് പകരുന്നതിനു കാരണമായി. കൂഞ്ഞാടേ നീ യോഗ്യൻ എന്ന തീമിനെ ആസ്പദമാക്കി പാസ്റ്റർമാരായ കാനം അച്ഛൻ, വി.ജെ. തോമസ്, പി.ടി.തോമസ്, വിൽസൺ ജോസഫ്, ബെനിസൺ മത്തായി, ലഫായത്തു സ്കെയിൽസ്, ഒ.എം. രാജുകുട്ടി, ഷിബു തോമസ്, മോനീസ് ജോർജ് എന്നിവർ ശക്തമായ വചന ശുശ്രൂഷ നിർവഹിച്ചു.

ബ്രദർ ഫിന്നി സാമിന്റെ നേതൃത്വത്തിൽ പിസിനാക് നാഷണൽ ടീം കോൺഫറൻസിൽ മനോഹരമായ ഗാനശുശ്രൂഷ നിർവ്വഹിച്ചു. അത് കൂടാതെ സിസ്റ്റർ പെർസിസ് ജോൺ, ഇവാ. ശ്രീജിത്ത് ഏബ്രഹാം, പാസ്റ്റർ കെ.പി.രാജൻ എന്നിവരും ഗാനശുശ്രൂഷകൾക്കും നേതൃത്വം നൽകി.

യുവജന സമ്മേളനത്തിൽ പാസ്റ്റർ ജെറിൻ, പാസ്റ്റർ നാറ്റ് ഷാറ്റലിൻ എന്നിവരും, സഹോദരിമാരുടെ സമ്മേളനങ്ങളിൽ സിസ്റ്റർ സൂസൻ ജോർജ്, സിസ്റ്റർ ലീലാമ്മ സാമുവേൽ എന്നിവരും ശക്തമായ ദൂതുകൾ ജനങ്ങൾക്കു നൽകി. കൂടാതെ ഹിന്ദിയിൽ നടന്ന സമ്മേളന ദാനവും ചിൽഡ്രൻസിനായി നടത്തിയ പ്രത്യേക പ്രോഗ്രാമുകളും ഈ വർഷത്തെ കോൺഫറൻസിനെ ശ്രദ്ധേയമാക്കി. കോൺഫറൻസിൽ നാല് യൗവനക്കാർ പൂർണ്ണസമയ സുവിശേഷ പ്രവർത്തനത്തിനായി സമർപ്പിക്കപ്പെട്ടു.

കൺവീനർ പാസ്റ്റർ ടോമി ജോസഫ്, സെക്രട്ടറി ജെയിംസ് ഏബ്രഹാം, ട്രഷറർ സാക് ചെറിയാൻ എന്നിവർ കോൺഫറൻസിനു ശക്തമായ നേതൃത്വം നൽകി. സുതാര്യമായ സാമ്പത്തിക അച്ചടക്കത്തോടെ ആത്മീക ദർശനത്തോടെ നടത്തിയ ഈ കോൺഫറൻസിന്റെ സംഘാടകരെ കടന്നുവന്ന വിശ്വാസി സമൂഹം മുക്തകണ്ഠം അനുമോദിക്കുകയുണ്ടായി. കോൺഫറൻസിന്റെ അനുഗ്രഹസമാപ്തിക്ക് 365 ദിവസവും നടന്ന പ്രാർത്ഥന നിദാനമായി. കോൺഫറൻസിൽ പങ്കെടുത്തവരോടും സാമ്പത്തിക സഹായങ്ങൾ ചെയ്തവരോടുമുള്ള നിസ്സീമമായ നന്ദി സംഘാടകർ അറിയിക്കുന്നു.

# ആത്മനിർവ്വതിയിൽ പി.വൈ.പി.എ. ഗോസ്പൽ ഫീസ്റ്റ്



**ഷാർജ:** ആത്മനിറവിലുള്ള സംഗീതവും തിരുവചന സന്ദേശവും ഒത്തൊരുമിച്ചപ്പോൾ ഷാർജ വർഷിപ്പ് സെന്റർ മെയിൻ ഹാളിൽ തിങ്ങിനിറഞ്ഞ സദസ് ആത്മനിർവൃതിയിലായി ജൂൺ 10ന് പി.വൈ.പി.എ. യു.എ.ഇ. റീജിയന്റെ ആഭിമുഖ്യത്തിൽ നടത്തിയ ഗോസ്പൽ ഫീസ്റ്റിൽ ഐപിസി ജനറൽ വൈസ് പ്രസിഡന്റ് പാസ്റ്റർ വിൽസൻ ജോസഫ് അദ്ധ്യക്ഷത വഹിച്ചു. ഐപിസി യു.എ.ഇ. റീജിയൻ പ്രസിഡന്റ് പാസ്റ്റർ ഗെർസീം പി. ജോൺ ഉദ്ഘാടനം നിർവ്വഹിച്ചു. പാസ്റ്റർ കെ. ജെ. തോമസ് (കുമളി) മുഖ്യ പ്രഭാഷണം നടത്തി. ഡോ. ബ്ലസ്സൻ മേമനയും ഐപിസി ബഥേൽ ക്വയർ ഗാനശുശ്രൂഷയ്ക്ക് നേതൃത്വം നൽകി.

പിവൈപിഎ. റീജിയൻ ഭാരവാഹികളായ പാസ്റ്റർ പി. എം. ശാമുവേൽ, പാസ്റ്റർ സൈമൺ ചാക്കോ, ഷിബു മുള്ളംക്കാട്ടിൽ, സാമുവേൽ ജോൺസൺ, ജോബിൻ ജോൺ, ജെൻസൻ മാമ്മൻ, ബ്ലസ്സൻ തോണിപ്പാറ. റോബിൻ സാം മാത്യു എന്നിവർ നേതൃത്വം നൽകി.

# സ്നേഹസോപാനം

**തിരുവല്ല:** പ്രശസ്ത സംഗീതജ്ഞൻ പാസ്റ്റർ ഭക്തവത്സലൻ നയിക്കുന്ന സ്നേഹസോപാനം ആഗസ്റ്റ് 2ന് വൈകുന്നേരം 6 മണിക്ക് ഐപിസി പ്രയർ സെന്റർ മഞ്ഞാടി, തിരുവല്ലയിൽ നടത്തുന്നു. ഈ സംഗീതപരിപാടിയിൽ പാസ്റ്റർ ഭക്തവത്സലനോടൊപ്പം യു. എ.ഇ.യിൽ നിന്നുള്ള 8 അംഗ കലാകാരന്മാരും മറ്റു പ്രശസ്തഗായകരും ഗാനങ്ങൾ ആലപിക്കും. 'പരിശുദ്ധൻ മഹോന്നതദേവൻ', 'നിശയുടെ നിശ്ശബ്ദതയിൽ', 'മായയാമീലോകം', 'ആശ്രയം ചിലർക്കു രഥത്തിൽ', 'യഹോവേ നീ എന്നെ ശോധന ചെയ്തു..' എന്നുതുടങ്ങി 250-ൽപ്പരം അനശ്വരഗാനങ്ങൾക്കു രചനയും സംഗീതവും പകർന്ന ഇവാ. ഭക്തവൽസലൻ പ്രവർത്തന വീഥിയിൽ 46 വർങ്ങൾ പൂർത്തീകരിക്കുകയാണ്.

---

# ഇടയ ലേഖനങ്ങൾ
## (The Pastoral Epistles)

## വേദപഠനം
### തിമൊഥെയൊസ്
### -തുടർച്ച-



എഡിസൺ തോമസ്
വേങ്ങൂർ, 9961336353

വചനം പഠിപ്പിക്കുക എന്നത് വളരെ കഠിനമായ ഒരു ജോലിയാണ് എല്ലാവരും ഒരുപോലെ ഏറ്റെടുക്കണമെന്നില്ല, അംഗീകരിക്കണം എന്നില്ല, എങ്കിലും വചനം പഠിപ്പിക്കുക സമയത്തും അസമയത്തും പൗലോസ് പറയുന്നു മറ്റൊരു ഭാഗം ശ്രദ്ധിക്കുക, "നീ പല സാക്ഷികളുടെ മുമ്പാകെ എന്നോടു കേട്ടതെല്ലാം മറ്റുള്ളവരെ ഉപദേശിപ്പാൻ സമർത്ഥരായ വിശ്വസ്തമനുഷ്യരെ ഭരമേല്പിക്ക" 2 തിമൊ.2:2. ഇതിനെ സ്ഥാപിക്കുവാൻ പൗലോസ് ഉപയോഗിക്കുന്ന പഴയനിയമത്തിലെ വേദവാക്യം മെതിക്കുന്ന കാളയ്ക്കു മുഖകൊട്ട കെട്ടരുത്, ആവർ.25:4. അതുപോലെ മറ്റൊരു പുതിയനിയമഭാഗം വേലക്കാരൻ തന്റെ കൂലിയ്ക്കുയോഗ്യൻ, മത്താ.10:10. അപ്പോൾ ഇവിടെത്തെ സന്ദേശം കൂടുതൽ അദ്ധ്വാനിക്കുന്നവർക്കു കൂടുതൽ പ്രതിഫലത്തിന് അർഹതയുണ്ട്, അതാണ് ബൈബിൾ പഠിപ്പിക്കുന്നത്. ആരാണ് ഇരട്ടി മാന്യതയ്ക്കു അർഹൻ? അത് വചനവും ഉപദേശം പഠിപ്പിക്കുന്നവനും അതിനായി അദ്ധ്വാനിക്കുന്നവനുമാണ്, അല്ലാതെ ഗവൺമെന്റിൽ ജോലി ചെയ്തു റിട്ടയർ ചെയ്തും ഗൾഫിൽനിന്നും റിട്ടേൺ ചെയ്തും വിശ്വാസികളെ സ്വാധീനിച്ചും വശീകരിച്ചും പണം കൊടുത്തും വാഗ്ദാനം നൽകി ശുശ്രൂഷയ്ക്കു കയറിയവർക്കല്ല മറിച്ച് കർത്താവിന്റെ വേലയ്ക്കു വേണ്ടി വേർതിരിഞ്ഞു ജീവിതത്തിന്റെ നല്ലൊരു ഭാഗവും കർത്തൃവേലയിൽ ചിലവഴിച്ചു അദ്ധ്വാനിച്ചവരാണ് ഇരട്ടി മാനത്തിനു യോഗ്യർ. ഇന്നു അതാണോ....ഇന്നു സഭ എവിടെ എത്തിയിരിക്കുകയാണ്, പണവും സ്വാധീനവും വിദ്യാഭ്യാസവും കുടുംബ പശ്ചാത്തലവും ഇന്നു സഭയെ കീഴടക്കിയിരിക്കുകയാണ് ഇങ്ങനെപ്പോയാൽ സഭ എവിടെ ചെന്നു അവസാനിക്കും? സഭയുടെ നേതൃത്വം ഒരുപറ്റം നീചന്മാരുടെയും അധാർമ്മികളുടെയും സാക്ഷ്യമില്ലാത്തവരുടെയും ആത്മികരല്ലാത്തവരുടെ കരങ്ങളിൽ എത്തിച്ചേരും. ഒരു സംശയവും വേണ്ട. പൗലോസ് തിമൊഥെയൊസിനു നൽകുന്ന ഉപദേശം വചനത്തിലും വചനം എന്നത് ദൈവവചനമാണ് അത് ജീവനും ചൈതൃവും ഉള്ളതാണ്. നരഭോജികളെ നരസ്നേഹികളാക്കുന്നു, മൃഗീയത്വത്തെ മാറ്റി മാനുഷിക അവസ്ഥയിലേക്കും ജഡീകത്വത്തെ നീക്കി ആത്മികത്വത്തിലേക്കും നയിക്കുന്നു. കൈപ്പുള്ളവനെ മാധുര്യത്തിലേക്കും ക്ഷീണം സംഭവിച്ചവനും ശക്തിയും ഊർജ്ജവും നൽകുന്നതാണ്, വചനം എന്ത് ചെയ്യുന്നു.

1. സൗഖ്യമാക്കുന്നു സങ്കീ. 107:20
2. ഉറപ്പിക്കുന്നു സങ്കീ. 119:28
3. ബുദ്ധി നൽകുന്നു സങ്കീ. 119:169
4. ശുദ്ധീകരിക്കുന്നു. യോഹ. 17:17
5. രക്ഷിക്കുന്നു 2 തിമൊ. 3:15-16
6. സാത്താന്റെമേൽ ജയം നൽകുന്നു മത്താ. 4:4-8
7. ബലപ്പെടുത്തുന്നു (ശക്തീകരിക്കുന്നു) ലൂക്കോ.24:26-27

ദൈവവചനം വിശ്വാസത്തിനും ജീവിതത്തിനുമുള്ള ഏക ആധാരമാണ്, അതിനോടു കൂട്ടുകയോ കുറയ്ക്കുകയോ പാടില്ല. ആവർത്ത. 4:2. ദൈവവചനത്തോടു അനുസരണക്കേട് കാണിച്ചാൽ ശാപവും മരണവുമാണ്, ആവർ.11:16-17, 28:15-68 മറിച്ച് അനുസരിക്കുന്നത് ജീവനാകുന്നു. ആവർ. 4:1, 6:24, അത് തലമുറയ്ക്കു കൈമാറണം, ആവർ. 4:9-10, 6:2, 7-9. ഇങ്ങനെ വചനത്തിന്റെ പ്രാധാന്യം വിശുദ്ധ ബൈബിളിൽ നൽകിയിരിക്കുന്നു, സങ്കീ.19, സങ്കീ.119 ഇതെല്ലാം ബൈബിളിനു അഥവാ വചനത്തിനു പ്രത്യേക ഊന്നൽ നൽകുന്നു. അടുത്തതായി പൗലോസ് ചൂണ്ടിക്കാണിക്കുന്നത് ഉപദേശത്തെക്കുറിച്ചാണ്. ഉപദേശം എന്നാൽ എന്ത്? അടിസ്ഥാന പഠിപ്പിക്കൽ, മറ്റൊരു വിധത്തിൽ പ്രസ്താവിച്ചാൽ വിശ്വസിക്കുന്നതും പഠിപ്പിക്കുന്നതും പ്രചരിപ്പിക്കുന്നതുമാണ് ഉപദേശം. എല്ലാ മതങ്ങളുടെയും വിശ്വാസങ്ങളുടെയും തത്വസംഹിതകൾ അടിസ്ഥാനപ്പെടുത്തിയിരിക്കുന്നത് അവരുടെ വിശ്വാസങ്ങളിലാണ് (പ്രമാണങ്ങളിൽ) ഓരോ മതനേതാക്കളും അവരുടേതായ ഉപദേശങ്ങൾ പഠിപ്പിക്കുന്നതിലും അതു പ്രചരിപ്പിക്കുന്നതിലും വളരെ ഉൽസാഹകരാണ്. അവർ ഉയർത്തിപ്പിടിക്കുന്ന ഉപദേശങ്ങളിൽ അവർ ഉറച്ചു നിൽക്കുകയും ചെയ്യുന്നു. എന്താണ് ഈ ഉപദേശങ്ങൾ, ആരു പറയുന്നതാണ് ശരി, ഇത്തരം ചോദ്യങ്ങൾ പലരിൽനിന്നും ഉണ്ടായേക്കാം, അതിന് ഉത്തരം വേദപുസ്തകം ചികഞ്ഞു നോക്കണം, ബൈബിൾ പറയുന്നത് ശ്രദ്ധിക്കുക, വിവിധവും അന്യവുമായ ഉപദേശങ്ങളാൽ ആരും നിങ്ങളെ വലച്ചുകളയുകരുത്, എബ്രാ. 13:9, ബിലെയാമിന്റെ ഉപദേശം, നിക്കൊലാവ്യരുടെ ഉപദേശം ഇങ്ങനെ വിശ്വാസികളെ തെറ്റിച്ചുകളയുന്ന ധാരാളം ഉപദേശങ്ങൾ, പഠിപ്പിക്കലുകൾ ഇന്നു ദൈവസഭയിലുണ്ട്. അതു പകയ്ക്കണം എന്നാണ് ബൈബിൾ നൽകുന്ന മുന്നറിയിപ്പ്. പല സഭകൾക്കും സംഘടനകൾക്കു എഴുതപ്പെട്ട ഉപദേശങ്ങളുണ്ട്. എന്നാൽ ദൈവമക്കൾക്കു തിരുവചനമാണ് എഴുതപ്പെട്ട ഉപദേശം. അതുമാത്രം ആധാരമാക്കി, യാതൊരു കൂട്ടിക്കലർപ്പു ചേർക്കാതെ വ്യാഖ്യാനിക്കുന്നതാണ് യഥാർത്ഥ ഉപദേശം.

കർത്താവായ യേശുക്രിസ്തുവിന്റെ കാലത്ത് താൻ പഠിപ്പിച്ച ഉപദേശങ്ങൾ കേട്ടു ജനങ്ങൾ വിസ്മയിച്ചു. ആദിമസഭയും സഭയുടെ ആരംഭത്തിലും അടിസ്ഥാനങ്ങൾ പഠിപ്പിച്ചിരുന്നതിന് തെളിവുകളാണ്, അ.പ്ര. 2:42, 5:42, 1 കൊരി.2:14-3:2, എബ്രാ:6:1-3. ഒരു സഭയുടെ കെട്ടുറുപ്പും നിലനിൽപ്പും അവരുടെ പഠിപ്പിക്കലുകളിലാണ്. ഇന്നു ക്രൈസ്തവരുടെ ഇടയിൽ പ്രത്യേകിച്ച് വേർപെട്ട ദൈവമക്കളുടെ മദ്ധ്യേ ഒരു ഉപദേശവും ക്രമമായി പാലിക്കുകയോ പ്രമാണിക്കുകയോ കാത്തുസൂക്ഷിക്കുകയോ ചെയ്യുന്നില്ല ഓർക്കുക, ഉപദേശ സത്യങ്ങൾ എല്ലാ കാലത്തും ആവശ്യമാണ്, അത് വ്യക്തികളെയും കുടുംബങ്ങളെയും ദൈവസഭയെയും നിലനിർത്തുന്നതാണ്. ബൈബിൾ പറയുന്നത്, മനുഷ്യരുടെ ചതിയാലും ഉപായത്താലും തെറ്റിച്ചുകളയുന്ന തന്ത്രങ്ങളിൽ കുടുങ്ങിപ്പോകുവാൻ തക്കവണ്ണം ഉപദേശത്തിന്റെ ഓരോ കാറ്റിനാൽ അലഞ്ഞുഴലുന്ന ശിശുക്കൾ ആയിരിക്കരുത്. എഫെ. 4:14. ഉപദേശങ്ങൾ പാലിക്കാത്തതും പ്രമാണിക്കാത്തതുമായ സഭകൾ വെയിൽ വരുമ്പോൾ വാടിപ്പോകുന്ന ചെടികളെപോലെയും അത്രെ. ഉപദേശത്തിന്റെ അറിവും അനുഭവവും ഉണ്ടെങ്കിൽ മാത്രമേ വളരുവാൻ കഴിയുകയുള്ളൂ. അതുപോലെ തന്നെയാണ് അടിസ്ഥാനപ്രമാണങ്ങൾക്കു ഇന്നത്തെ ന്യൂജനറേഷൻ സഭകൾ ഒരു വിധത്തിലും പ്രാധാന്യമോ ആവശ്യമോ നൽകുന്നില്ല.

(തുടരും..)

# 15th IPC FAMILY CONFERENCE

2017 JULY 27 ▸ 30

CROWNE PLAZA HOTEL CHERRY HILL, NEW JERSEY

Theme: **"Making the most of every opportunity"** Ephesians 5:16




THE INDIAN PENTECOSTAL CHURCH OF GOD – IPC FAMILY CONFERENCE

www.ipcfamilyconference.com

## SPEAKERS


Rev. Mike Patz


Rev. KJ Thomas


Rev. Jacob Mathew


Dr. Valson Abraham


Rev. Shibu Thomas


Rev. Sam George


Sis. Jessy Jaison

# ഐപിസി ഫാമിലി കോൺഫറൻസ്

## ഒരുക്കങ്ങൾ പൂർത്തിയായി... ഏവർക്കും സ്വാഗതം


Rev. Joseph Williams
National Convener

ഇന്ത്യ പെന്തക്കോസ്തു ദൈവസഭ നോർത്ത് അമേരിക്കയുടെ പതിനഞ്ചാമത് കുടുംബസംഗമം ന്യൂജേഴ്സിയിലുള്ള വിശാലമായ ചെറിഹിൽ ക്രൗൺ പ്ലാസ ഹോട്ടൽ ആഡിറ്റോറിയത്തിൽ നടക്കും. ജൂലൈ 27 മുതൽ 30 വരെയാണ് കോൺഫറൻസ് നടക്കുന്നത്. ഫിലദൽഫിയാ ഇന്റർനാഷണൽ എയർപോർട്ടിൽ നിന്ന് കോൺഫറൻസ് നടക്കുന്ന കൺവൻഷൻ സെന്ററിലേക്ക് കേവലം പതിനഞ്ചു മൈൽ ദൂരം മാത്രമേ ഉള്ളൂ.

ക്രൗൺ പ്ലാസാ ഹോട്ടൽ സമുച്ചയവും കൺവൻഷൻ സെന്ററും ഇന്റർനാഷണൽ ടൂറിസ്റ്റുകൾ വന്നുപോകുന്ന തിരക്കേറിയ ഹോട്ടലാണ്. മലയാളി പെന്തക്കോസ്തർ തിങ്ങി പാർക്കുന്ന ന്യൂയോർക്ക് ഫിലദൽഫിയാ സിറ്റികളുടെ സമീപത്താണ് കോൺഫറൻസ് നടക്കുന്നത്. വർഷത്തിൽ ഒരിക്കൽ വചനം കേൾക്കുന്നതിനും ഒന്നിച്ചാരാധിക്കുന്നതിനും അപ്പം നുറുക്കുന്നതിനും സൗഹൃദം പുതുക്കുന്നതിനും കടന്നു വരുന്ന ദൈവജനങ്ങളുടെ ഒത്തുചേരൽ ആണ് ഈ കുടുംബ സംഗമം.

"ഇതു ദുഷ്ക്കാലമാകയാൽ സമയം തക്കത്തിൽ ഉപയോഗിപ്പിൻ" (എഫെസ്യർ 5:16) എന്നതാണ് ഇപ്രാവശ്യത്തെ കോൺഫറൻസിന്റെ മുഖ്യാ ചിന്താവിഷയം.

മലയാളത്തിലും ഇംഗ്ലീഷിലും കുട്ടികൾക്കുവേണ്ടിയും പ്രത്യേകം മീറ്റിംഗുകൾ ക്രമീകരിച്ചിട്ടുണ്ട്. ഉണർവ്വ് പ്രസംഗകരും കൺവൻഷൻ പ്രസംഗകരുമായ പാസ്റ്റർ കെ.ജെ. തോമസ്സ് (കുമളി) പാസ്റ്റർ ഷിബു തോമസ്, പാസ്റ്റർ ജേക്കബ് മാത്യു, റെവ. ഡോ. വത്സൻ എബ്രഹാം, പാസ്റ്റർ സാം ജോർജ്ജ് എന്നിവർ മലയാളം മീറ്റിംഗുകളിൽ ദൈവവചനം പ്രസംഗിക്കുന്നതാണ്. ഇവരെ കൂടാതെ നോർത്ത് അമേരിക്കയിലെ ദൈവദാസന്മാരും വിവിധ സെഷനുകളിൽ ശുശ്രൂഷിക്കുന്നതാണ്. യുവജനങ്ങളുടെ ഇടയിൽ ശക്തമായ പ്രയോജനപ്പെട്ടുകൊണ്ടിരിക്കുന്ന അനുഗൃഹീത പ്രഭാഷകൻ റവ. മൈക്കിൾ പാറ്റ്സ് ഇംഗ്ലീഷിൽ നടക്കുന്ന മീറ്റിംഗുകളിൽ പ്രസംഗിക്കും. സഹോദരിമാരുടെ മീറ്റിംഗിൽ സിസ്റ്റർ ജസ്സി ജെയ്സൺ സംസാരിക്കുന്നതായിരിക്കും. പത്ത് വയസ്സിന് താഴെയുള്ള കുഞ്ഞുങ്ങൾക്ക് വേണ്ടി വിവിധങ്ങളാകുന്ന പ്രോഗ്രാമുകൾ ക്രമീകരിച്ചിട്ടുണ്ട്. ഫാമിലി കോൺഫറൻസ് ക്വയർ ഗാനശുശ്രൂഷ നിർവ്വഹിക്കുന്നതായിരിക്കും.

ഹോട്ടൽ ക്രമീകരണം പൂർത്തിയായി കഴിഞ്ഞു. കോൺഫറൻസിന് കടന്നു വരുന്നവർക്ക് പാർക്കിംഗ് സൗജന്യമായിരിക്കും. നാഷണൽ ലോക്കൽ കമ്മിറ്റി അംഗങ്ങൾ കോൺഫറൻസിന്റെ വിജയത്തിനായി പ്രവർത്തിച്ചു വരുന്നു. ഐപിസി ഈസ്റ്റേൺ റീജിയൻ, ലോക്കൽ കമ്മിറ്റിയും, റീജിയൻ എക്സിക്യൂട്ടീവ്സ് അഡൈ്വസറി കമ്മിറ്റിയുമായി പ്രവർത്തിക്കുന്നു. ഒരു വർഷമായി എല്ലാ വ്യാഴാഴ്ചയും കോൺഫറൻസിന്റെ വിജയത്തിനും അനുഗ്രഹത്തിനുമായി പ്രാർത്ഥിക്കുന്നു. പതിനഞ്ചാമത് ഐപിസി ഫാമിലി കോൺഫറൻസിലേക്ക് പ്രാർത്ഥനയോടെ കടന്നു വരിക ഏവർക്കും സ്വാഗതം.

നാഷണൽ എക്സിക്യൂട്ടീവ്സ് റവ. ജോസഫ് വില്യംസ് (കൺവീനർ), ബ്ര. വർഗീസ് ഫിലിപ്പ് (സെക്രട്ടറി), ബ്ര. ബാബു കൊടുന്തറ (ട്രഷറാർ), വെസ്ലി ആലുംമൂട്ടിൽ (യൂത്ത് കോർഡിനേറ്റർ), സിസ്റ്റർ എൽസി കൊടുന്തറ (ലേഡീസ് കോർഡിനേറ്റർ) എന്നിർ കോൺഫറൻസിന് നേതൃത്വം നൽകുന്നു.


Bro. Varghese Philip
National Secretary


Bro. Babu Kodumthara
National Treasurer


Wesley Alumoottil
National Youth Coordinator


Sis. Elsie Kodumthara
National Sisters Coordinator

### ലീഡർഷിപ്പ് കോൺഫറൻസ്

നോർത്ത് അമേരിക്കയിലെ ഐപിസി ശുശ്രൂഷകന്മാരുടേയും പാസ്റ്റേഴ്സിന്റേയും ഇതര സഭാനേതാക്കളുടേയും ലീഡർഷിപ്പ് കോൺഫറൻസ് ജൂലൈ 26,27 എന്നീ ദിവസങ്ങളിൽ ചെറിഹിൽ ക്രൗൺ പ്ലാസ്സ ഹോട്ടലിൽ നടക്കുന്നതാണ്. 26 ബുധനാഴ്ച വൈകിട്ട് 6 മണി മുതൽ ആരംഭിക്കുന്ന പ്രസ്തുത കോൺഫറൻസ് 27 വ്യാഴാഴ്ച ഉച്ച കഴിഞ്ഞ് അവസാനിക്കും.

## ADVISORY BOARD


Rev. ITTY ABRAHAM


REV. JOHN THOMAS


REV. K. V. ABRAHAM


OOMMEN EBENEZAR


SAM THOMAS

## LOCAL EXECUTIVES


Rev. Mathew Philip
Local Coordinator


Samuel Yohannan
Local Coordinator


Johnson George
Local Secretary


Subin Samuel
Local Treasurer


Prinson Abraham
Youth Coordinator


Sophie Varughese
Ladies Coordinator

Booktrip.com
Travel for less
24X7 1 888 437 7922

## അക്ഷരങ്ങളുടെ അത്ഭുതലോകം - 4

# സമയമാം രഥത്തിലൊരു തീർത്ഥയാത്ര



ടീയെസ് കപ്പമാംമ്മൂട്ടിൽ

ഓർമ്മകളുടെ ചെപ്പു തുറക്കുമ്പോൾ എവിടെയോ വായിച്ച ഒരു കഥ ജലപ്രവാഹം പോലെ മനസ്സിലേക്ക് ഒഴുകിയെത്തുന്നു. ഇന്നലെകളിൽ നാം നഷ്ടപ്പെടുത്തിയതും ഇന്നും നാം നഷ്ടപ്പെടുത്തിക്കൊണ്ടിരിക്കുന്നതുമായ ഓരോ നിമിഷങ്ങളേയുമോർത്ത് ഒരിക്കൽ ഹൃദയവേദനയോടെ ഖേദിക്കാൻ ഇടയാകുമെന്ന സന്ദേശമുൾക്കൊള്ളുന്ന ഒരു കഥ.

യാത്രയ്ക്കിടയിൽ വഴിതെറ്റിയൊരു യാത്രക്കാരൻ ആഫ്രിക്കൻ വനാന്തരങ്ങളിൽ ചെന്നുപെടുവാനിടയായി. നടന്നുനടന്ന് ക്ഷീണിച്ച സഞ്ചാരി യാത്രാമദ്ധ്യേ കണ്ട കാഴ്ച അയാളെ അത്ഭുതപ്പെടുത്തി. ഒരു പ്രദേശത്ത് നിലത്ത് ചിതറിക്കിടക്കയാണ് വെട്ടിത്തിളങ്ങുന്ന കുറെ കല്ലുകൾ. വീട്ടിലെത്തുമ്പോൾ തന്റെ മകന് കളിക്കാനായി കൊടുക്കാമെന്ന ഉദ്ദേശത്തോടെ അയാൾ ആ കല്ലുകളെല്ലാം തന്റെ സഞ്ചിയിൽ ശേഖരിച്ചു. യാത്രയ്ക്കിടയിൽ ഒരു നദിയുടെ തീരത്ത് അയാൾ അല്പസമയം വിശ്രമിച്ചു. തത്സമയം സഞ്ചിയിൽ ശേഖരിച്ചിരുന്ന തിളങ്ങുന്ന കല്ലുകൾ ഒന്നൊന്നായി നദിയിലേക്ക് വലിച്ചെറിഞ്ഞു. കല്ലുകൾ വീഴുമ്പോൾ വെള്ളത്തിലുണ്ടാകുന്ന ഇളക്കങ്ങൾ ഹൃദയപൂർവ്വം ആസ്വദിച്ചുകൊണ്ടിരുന്ന സഞ്ചാരി, സഞ്ചിയിൽ ഒരു കല്ല് അവശേഷിച്ചപ്പോൾ മാത്രമാണ് ആ 'കലാപരിപാടി' അവസാനിപ്പിച്ചത്.

ദിവസങ്ങളോളം നീണ്ടുനിന്ന യാത്രയ്ക്കൊടുവിൽ വനാന്തരങ്ങളിൽ നിന്നും പുറത്തു കടന്ന സഞ്ചാരി, തന്റെ കൈവശം അവശേഷിച്ച തിളങ്ങുന്ന കല്ല് സ്നേഹിതനായ വജ്ര വ്യാപാരിയെ കാണിക്കുവാൻ തീരുമാനിച്ചു. ആ വിശേഷപ്പെട്ട കല്ലു കണ്ടപ്പോൾ വജ്രവ്യാപാരിയുടെ കണ്ണുകളിൽ തിളക്കം. ആ കല്ല് വാങ്ങാൻ താല്പര്യം പ്രകടിപ്പിച്ച വ്യാപാരി വിലയായി കോടികൾ നൽകാൻ തയ്യാറാണെന്ന് സ്നേഹിതനെ അറിയിച്ചു. ആ വാക്കുകൾ കേട്ട് ഞെട്ടിപ്പോയ സഞ്ചാരിയുടെ കണ്ണുകൾ നിറഞ്ഞൊഴുകി. പറഞ്ഞ തുക കുറഞ്ഞുപോയതുകൊണ്ടാണ് സ്നേഹിതൻ കണ്ണുനീരൊഴുക്കുന്നതെന്ന് തെറ്റിദ്ധരിച്ച വ്യാപാരി കൂടുതൽ പണം നൽകുവാനുള്ള സന്നദ്ധത അറിയിച്ചു. പൊട്ടിക്കരഞ്ഞുകൊണ്ട് സഞ്ചാരി ഇപ്രകാരം മറുപടി നൽകി–

“സ്നേഹിതാ, തുക കുറഞ്ഞുപോയതുകൊണ്ടല്ല ഞാൻ കരഞ്ഞത്. എന്റെ കൈവശം ഇതുപോലെയുള്ള നിരവധി കല്ലുകളുണ്ടായിരുന്നു. ചില നിമിഷങ്ങളിലെ മാനസികോല്ലാസത്തിനു വേണ്ടി അവ നഷ്ടപ്പെടുത്തിയ വ്യക്തിയാണ് ഞാൻ. ഒരു ആവശ്യമില്ലാതെ വിലമതിക്കാനാവാത്ത നിരവധി കല്ലുകൾ ഞാൻ നഷ്ടപ്പെടുത്തിയല്ലോ എന്ന് ഓർത്തപ്പോൾ കരഞ്ഞുപോയതാണ്”.

സഞ്ചാരി നഷ്ടപ്പെടുത്തിയ കല്ലുകൾ പോലെ അമൂല്യമാണ് സമയവും. പണത്തേക്കാൾ മൂല്യമേറിയതു സമയമാണെന്ന വസ്തുത ഗ്രഹിച്ചിട്ടുള്ളവർ ഒരു ന്യൂനപക്ഷം മാത്രമാണ്. പത്തോ, മുപ്പതോ രൂപ നഷ്ടപ്പെട്ടാൽ ചങ്കു പൊട്ടുന്നവരുണ്ട്. എന്നാൽ ഒരു ദിവസം മുപ്പതു മിനിറ്റ് പാഴായിപ്പോയാൽ അങ്ങനെയുള്ളവർ ഗൗനിക്കാറേയില്ല. എല്ലാ ദിവസവും അരമണിക്കൂർ വീതം നഷ്ടപ്പെടുത്തുന്ന ഒരു വ്യക്തി ഒരായുസ്സിൽ പാഴാക്കുന്നത് ഏകദേശം ഒരു വർഷമാണെന്നാണ് ഏകദേശ കണക്ക്.

സമയം നഷ്ടമാക്കുന്ന കലയിൽ വൈദഗ്ധ്യം നേടിയ മലയാളികളെ സമയത്തിന്റെ മൂല്യമോർപ്പിക്കുവാൻ ജർമ്മൻ സ്വദേശിയായ ഒരു മിഷനറി തന്നെ വേണ്ടി വന്നു. സമയത്തെ ഓടിക്കൊണ്ടിരിക്കുന്ന ഒരു രഥത്തോട് മലയാള ഭാഷയിൽ ആദ്യമായി ഉപമിച്ചത് മിഷനറി വി. നാഗലാണെന്നാണ് തോന്നുന്നത്. നമ്മുടെ ആയുസ്സിന്റെ നിമിഷങ്ങൾ ഒരോ ദിവസം കഴിയുന്തോറും കുറഞ്ഞുകൊണ്ടിരിക്കുകയാണെന്ന ഞെട്ടിപ്പിക്കുന്ന വസ്തുത ആ ഉപമ നമ്മെ അനുസ്മരിപ്പിക്കുന്നതുകൊണ്ടായിരിക്കാം അർത്ഥ സമ്പുഷ്ടമായ “സമയമാംരഥത്തിൽ ഞാൻ സ്വർഗ്ഗയാത്ര ചെയ്യുന്നു” എന്ന ഗാനം ശവസംസ്കാര ശുശ്രൂഷയിൽ മാത്രം ആലപിക്കുവാനായി നാം പരിമിതപ്പെടുത്തിയത്. “ആകെയല്പ നേരം മാത്രം എന്റെ യാത്ര തീരുവാൻ” എന്ന ബോദ്ധ്യമുള്ള ഒരു വിശ്വാസിയും വിലപ്പെട്ട സമയം പാഴാക്കിക്കളയുവാൻ ധൈര്യപ്പെടുകയില്ല. വാഗ്ദത്ത കനാനിലേക്ക് യാത്രചെയ്യുന്ന തീർത്ഥാടകരായ നാം സമയം തക്കത്തിൽ ഉപയോഗിക്കുന്നവരായിരിക്കണമെന്ന് സൃഷ്ടാവായ ദൈവം നമ്മെക്കുറിച്ച് ആഗ്രഹിക്കുന്നു.

നമ്മുടെ ജീവിതത്തെ സമ്പുഷ്ടവും അർത്ഥപൂർണ്ണവുമാക്കുവാൻ സഹായിക്കുന്ന നൂറ്റിയൊന്ന് നുറുങ്ങു നിർദ്ദേശങ്ങൾ ഉൾക്കൊള്ളുന്ന ഗ്രന്ഥമാണ് ഹാർപ്പർ കോളിൻസ് പബ്ലീഷേഴ്സ് പ്രസിദ്ധീകരിച്ച റോബിൻ എസ്. ശർമ്മയുടെ “who will cry when you Die” എന്ന പ്രശസ്ത ഗ്രന്ഥം.

യാത്രയ്ക്കിടയിൽ നഷ്ടപ്പെടുന്ന വിലപ്പെട്ട സമയം എങ്ങനെ നമ്മുടെ മാനസിക വളർച്ചയ്ക്ക് പ്രയോജനപ്പെടുത്താമെന്ന ചോദ്യത്തിന്, ഉത്തരം നൽകുന്നതാണ് അദ്ദേഹത്തിന്റെ നിർദ്ദേശങ്ങളിലൊന്ന്.

സ്വയം ഡ്രൈവു ചെയ്ത് ജോലിക്കായി പോകുവാനും മടങ്ങിവരുവാനും ഒരു ദിവസം അരമണിക്കൂർ വീതം ചെലവഴിക്കുന്നവർ ഒരു മാസം യാത്രയ്ക്കായി മാറ്റി വെയ്ക്കുന്നത് ഗണ്യമായ സമയം തന്നെയാണ്. അവരിൽ ബഹുഭൂരിപക്ഷവും സ്ഫടിക കവാടങ്ങളിലൂടെ പുറത്തേക്ക് നോക്കിയിരുന്നോ, ദിവാസ്വപ്നങ്ങളിൽ മുഴുകിയോ സമയം പാഴാക്കാറാണ് പതിവ്. എന്നാൽ ജീവിതത്തിൽ വിജയങ്ങൾ കൊയ്തു കൂട്ടുവാൻ ദൃഢനിശ്ചയം ചെയ്തവർ യാത്രയ്ക്കിടയിൽ ലഭിക്കുന്ന സമയം നഷ്ടമാക്കാറില്ല. അവർ വിജ്ഞാനം വർദ്ധിപ്പിക്കുന്നതും, മനസ്സിനെ പരിപോഷിപ്പിക്കുന്നതുമായ ഓഡിയോ കാസെറ്റുകൾ ഡ്രൈവ് ചെയ്യുന്നതിനിടയിൽ ശ്രദ്ധിച്ചുകൊണ്ടിരിക്കും. ഇന്ന് പുറത്തിറങ്ങുന്ന ഉത്തമഗ്രന്ഥങ്ങളുടെ ഓഡിയോ കാസെറ്റുകൾ സുലഭമാണ്. യാത്രയ്ക്കിടയിൽ അത്തരം കാസെറ്റുകൾ ശ്രവിക്കുവാൻ സമയം കണ്ടെത്തുന്നവർ തങ്ങളുടെ വാഹനത്തെ ചലിക്കുന്ന കലാശാലകളായി രൂപാന്തരപ്പെടുത്തുന്ന ബുദ്ധിശാലികളാണ്. സ്വന്തം വാഹനത്തെ ചക്രങ്ങളിന്മേൽ ചലിക്കുന്ന പാഠശാലകളാക്കി മാറ്റുന്നവർ സ്വന്ത അക്കൗണ്ടിൽ അമൂല്യമായ സമ്പത്താണ് നിക്ഷേപിക്കുന്നതെന്ന റോബിൻ എസ്. ശർമ്മയുടെ അഭിപ്രായം നൂറു ശതമാനവും സത്യമാണെന്ന് സാക്ഷ്യപ്പെടുത്തുന്ന അനുഭവസ്ഥർ നിരവധി.

വളരെ തിരക്കുള്ളവരും നിരന്തരം ദീർഘയാത്രകൾ ചെയ്യുന്നവരുമായ സാഹിത്യനായകന്മാരിൽ പലരും ബോധംകെട്ടുറങ്ങിയോ, മാനക്കോട്ടകൾ കെട്ടിയോ സമയം പാഴാക്കാറില്ല. അത്തരം യാത്രകൾക്കിടയിൽ പലരും ഗ്രന്ഥരചനക്കായി സമയം വിനിയോഗിക്കാറുണ്ട്. അല്ലെങ്കിൽ കുറഞ്ഞപക്ഷം ഒരു ഉത്തമഗ്രന്ഥമെങ്കിലും വായിച്ചുതീർക്കുവാൻ ആ സമയം അവർ പ്രയോജനപ്പെടുത്താറുണ്ട്.

ഒരിക്കലും വിസ്മരിക്കരുത്. നാം ഓരോരുത്തരും സമയമാം രഥത്തിൽ യാത്രചെയ്യുന്നവരാണ്. രഥചക്രങ്ങൾ മുമ്പോട്ടു ചലിച്ചുകൊണ്ടിരിക്കുമ്പോൾ നാം നഷ്ടപ്പെടുത്തുന്ന നിമിഷങ്ങളൊന്നും നമുക്ക് ഒരിക്കലും തിരികെ ലഭിക്കുകയില്ല.

---

## ലേഖനം

# ആരാണ് ലജ്ജിച്ചു തലതാഴ്ത്തേണ്ടത്...?



ടോംസ് ആന്റണി
tomsantony@yahoo.com
Ph : 9447232512

പീഡനത്തിനിരയാകുന്നവർ, ചതിക്കുഴിയിൽപ്പെടുന്നവർ, വഞ്ചിതരാകുന്നവർ എന്നിവരൊക്കെ ലജ്ജിച്ചുതലതാഴ്ത്തിയ അനുഭവങ്ങളാണ് നമുക്കുമുന്നിൽ. മാധ്യമങ്ങൾക്കുമുന്നിൽ പ്രത്യക്ഷപ്പെടാൻ, പരാതികൊടുക്കാൻ, ധീരതയോടെ താൻ നേരിടേണ്ടിവന്ന പ്രശ്നങ്ങൾ പൊതുജനമദ്ധ്യത്തിൽ അവതരിപ്പിക്കാൻ, എന്നുവേണ്ട പുറത്തേക്കൊന്നിറങ്ങുവാൻ പോലും ഇങ്ങനെ ഇരകളാകുന്നവർക്ക് മടിയും ഭയവുമാണ്.

സത്യത്തിൽ ലജ്ജിക്കേണ്ടതും, ഭയക്കേണ്ടതും ഇവരാണോ? പീഡിപ്പിച്ചവരും അതിന്റെ പിന്നിൽ പ്രവർത്തിച്ചവരും ഗൂഢാലോചന നടത്തിയവരുമല്ലേ ?

നടി പീഡിപ്പിക്കപ്പെട്ട സംഭവത്തിൽ കേരളം മുഴുവൻ ആഘോഷിക്കുകയാണ്. ഏതോ ഒരു പൈങ്കിളിക്കഥപോലെ! പകർച്ചപ്പനിയും, നേഴ്സുമാരുടെ സമരവും,

മറ്റു സാമൂഹിക പ്രശ്നങ്ങളുമൊക്കെ നമുക്കും മാധ്യമങ്ങൾക്കും വാർത്തയല്ലാതായിരിക്കുന്നു.

മുൻകാല അനുഭവങ്ങൾ നമുക്കൊന്നു നോക്കാം. ഇത്തരത്തിൽ ഇരകളാകുന്നവരെ സമൂഹം കരുതുന്നതിനുപകരം ഒറ്റപ്പെടുത്തിയിട്ടേയുള്ളു. വിവാഹമോ, ഭാവിയോ നിഷേധിക്കപ്പെട്ട്, ഏകാന്തതടവറയിലോ സ്വയം ശപിച്ച് നീചജന്മത്തെ ഓർത്ത് കണ്ണീർപൊഴിച്ച്, കാലം നീക്കുകയോ, അതുമല്ലെങ്കിൽ “ആത്മഹത്യ” എന്ന വലിയ ഒളിച്ചോട്ടത്തിലേക്ക് നീങ്ങുകയോ ആണ് ഭൂരിഭാഗം പേരും ചെയ്തിട്ടുള്ളത്.

പീഡനത്തിനിരയായ നടി നേരിട്ടതോ ? നമ്മുടെ സഹോദരിക്കോ, കുടുംബത്തിൽപ്പെട്ടവർക്കോ, നമുക്ക് തന്നെയോ ഇത്തരം പ്രതിസന്ധി ഉണ്ടാകുമ്പോഴേ ഈ പ്രശ്നത്തിന്റെ ഗൗരവം മനസ്സിലാക്കാൻ നമ്മുക്ക് കഴിയൂ. അപ്രതീക്ഷിതമായ തട്ടിക്കൊണ്ടു പോകലും, പീഡനവും ഏൽക്കുക എന്നത് എത്ര ഭീതിദമാണ്! ആ ഒരു അവസ്ഥയിലൂടെ ഒറ്റയ്ക്കു സഞ്ചരിക്കുമ്പോഴേ ഭയാനകമായ, മരണത്തോളം എത്തിനിൽക്കുന്ന ക്രൂരതയുടെ ആഴം അറിയുവാൻ നമുക്ക് കഴിയൂ. സെലിബ്രിറ്റിയോ, പ്രശസ്തിയുള്ളവരോ ആയിട്ടുകാര്യമില്ല. കലുഷിതമായ പ്രശ്നങ്ങൾ ഏല്ക്കേണ്ടിവരുന്നത് അതീവ ദാരുണം തന്നെയാണ്.

പക്ഷെ നടിക്ക് താങ്ങായി, തണലായി സഹപ്രവർത്തകരും, ഭാവിവരനും കുടുംബവും എല്ലാറ്റിനുമുപരി സിനിമയിലെ പെൺകൂട്ടായ്മയും ശക്തമായി നിലകൊണ്ടപ്പോൾ അത് കേസിലേയ്ക്കും മാധ്യമശ്രദ്ധയിലേയ്ക്കും നീണ്ടു. കേരളം മുഴുവൻ ഈ വിഷയം ചർച്ച ചെയ്യപ്പെട്ടു. കൂട്ടത്തിൽ നടി കാണിച്ച അസാമാന്യമായ തന്റേടവും ധൈര്യവും എടുത്തുപറയാതെ വയ്യ.

നിശ്ചയിച്ച വിവാഹം മുടങ്ങുക, താങ്ങായി നിൽക്കേണ്ടവരുടെ കുറ്റപ്പെടുത്തലുകളും ഒറ്റപ്പെടുത്തലുകളും നേരിടേണ്ടിവരിക, മാധ്യമ വിചാരണയ്ക്കും പോലീസിന്റേയും കോടതിയുടേയും വിചാരണക്കുമുമ്പിലും പലകുറി തന്റെ സ്ത്രീത്വം അടിയറവുവച്ച് നിന്നുകൊടുക്കേണ്ടിവരിക എന്നിവയൊക്കെ ഇതിനുമുൻപ് പീഡനക്കേസിൽപ്പെട്ടവർ നേരിടേണ്ടിവന്നിട്ടുള്ള ദുരനുഭവങ്ങളാണ്. എല്ലാവരും കൂടെയുണ്ടെങ്കിലും കൂടെയുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നവർ കൈവിടുമ്പോഴാണ് പലരും പതറിപ്പോകുന്നത്. ഇവിടെ നടിക്ക് ആവശ്യമായ പിന്തുണ കിട്ടിയത് അഭിമാനകരമായ കാര്യമാണ്.

ഇത്തരം സംഭവങ്ങൾ ഉണ്ടാകുമ്പോൾ തങ്ങളുടെ പത്രങ്ങൾക്കും, വാരികകൾക്കും വായനക്കാരെ കൂട്ടാനും, ചാനലിന്റെ റേറ്റിംഗ് കൂട്ടുവാനുള്ള അസുലഭമാർഗ്ഗമായാണ് പലരും കാണുന്നത്. നവീനമാധ്യമങ്ങളിലൂടെ ട്രോളുകൾ സൃഷ്ടിച്ച് നിർവൃതിയടയുന്നവരും അത് ഷെയർ ചെയ്ത് ആനന്ദിക്കുന്നവരും ഏറെയാണ്. ഇരയോടുള്ള സഹാനുഭൂതിയോ ആർദ്രതയോ ഒന്നും ചാനൽചർച്ചകളിൽ പ്രതികരിക്കുന്ന പലരിലും നാം കണ്ടില്ല എന്നതും ലജ്ജാകരമാണ്. പകരം ടെലിവിഷൻ സ്ക്രീനിൽ നിറഞ്ഞുനിൽക്കാനുള്ള അവസരമായാണ് പലരും ഉപയോഗിച്ചത്.

ഈ കേസിൽ കുറ്റാരോപിതനായ സിനിമാതാരം ദിലീപിനെ അറസ്റ്റുചെയ്തതും, അതുമായി ബന്ധപ്പെട്ട കാര്യങ്ങളുമെല്ലാം മാധ്യമങ്ങൾ എത്ര സമർത്ഥമായാണ് ആഘോഷിച്ചത്! ഇരയാക്കപ്പെട്ട നടിയോടുള്ള സഹാനുഭൂതിയല്ല, മറിച്ച് ഒരു താരത്തിന്റെ പതനത്തെ ആസ്വദിക്കുക എന്ന ക്രൂരതയാണ് പലരും ചെയ്തത്.

സിനിമാതാരങ്ങളുടെ സംഘടനയായ “അമ്മ”യുടെ തലപ്പത്തുള്ളവരുടെ ഇരട്ടത്താപ്പും കാപട്യവും നാം തിരിച്ചറിഞ്ഞു. സത്യത്തിൽ ഒരു പൊതുപ്രശ്നത്തിൽ ഇവർ ആർക്കുവേണ്ടിയാണ് നിലകൊള്ളുന്നത്? നിലപാടുകളില്ലാത്ത സംവിധാനമായി “അമ്മ” മാറിക്കഴിഞ്ഞു. വിരൂപമായ ഒരു “അമ്മ”മുഖത്തെയാണ് കേരളം കണ്ടത്.

ദിലീപ് കഴിച്ച ഭക്ഷണവും ധരിച്ച വസ്ത്രവും, ഭാവഭാവാദികളും ആവോളം വർണ്ണിക്കുന്ന മാധ്യമങ്ങൾ ചുറ്റും നടക്കുന്ന നീറുന്ന പ്രശ്നങ്ങൾ കണ്ടില്ലെന്നു നടിക്കുന്നതും നാം കണ്ടു.

സാംസ്ക്കാരിക കേരളം ലജ്ജിച്ചുതലതാഴ്ത്തുകയാണ്. പീഡിപ്പിച്ചവരേയും, പീഡനത്തിനു കൂട്ടുനിന്നവരേയും, ക്വട്ടേഷൻ കൊടുത്തവരേയും ഓർത്ത്.... പീഡനങ്ങൾ ആഘോഷിക്കുന്ന മാധ്യമനപുംസകങ്ങളെ ഓർത്ത്... നവമാധ്യമങ്ങളിൽ ട്രോളുകൾ സൃഷ്ടിച്ച് ആനന്ദം കണ്ടെത്തുന്ന ആധുനികയുവതയെ ഓർത്ത്.... “അമ്മ”യാകേണ്ട അമ്മ സംഘടനയുടെ നടിയോടുള്ള അവഗണനയേയും നിഷേധമനോഭാവത്തെയും ഓർത്ത്.... ഒപ്പം നിസ്സംഗഭാവത്തിൽ ഈ വിഷയത്തെ കണ്ടവരെ ഓർത്ത്.....

ഒന്നുകൂടി പറയട്ടെ, ശരിയുടെ പക്ഷത്ത് നിലകൊണ്ട, 'ഇര'യുടെ വേദനയോടുചേർന്ന് ആത്മാർത്ഥതയോടെ നിന്ന ആയിരക്കണക്കിന് മനുഷ്യസ്നേഹികൾ നമ്മുടെ നാട്ടിലുണ്ട്. അവർക്ക് തൊഴുകൈ.

ഇത്തരം പ്രശ്നങ്ങളുണ്ടാകുമ്പോൾ ആഘോഷിക്കുകയോ നിസംഗത പുലർത്തുകയോ അല്ല വേണ്ടത്. ഇരയുടേയും കുറ്റാരോപിതരുടേയും വ്യക്തി ജീവിതത്തിലേയ്ക്ക് അനാവശ്യമായി കടന്നുകയറി പുതിയ തിരക്കഥകൾ മെനഞ്ഞെടുക്കുകയുമല്ല വേണ്ടത്. കുറ്റവാളികളെ കണ്ടെത്താനുള്ള സാഹചര്യം സൃഷ്ടിക്കുകയും അവർക്ക് പരമാവധി ശിക്ഷ ഉറപ്പാക്കുകയും വേണം. സാംസ്ക്കാരിക കേരളത്തിന് അപമാനകരമായ ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാനുള്ള മുൻകരുതലുകൾ എടുക്കുകയും വേണം. നിർഭയമായി എവിടേയും എപ്പോഴും യാത്ര ചെയ്യാനുള്ള സാമൂഹിക അന്തരീക്ഷം സ്ത്രീകൾക്കുണ്ടാകണം. നമ്മുടെ ചർച്ചകൾ ആ രീതിയിലേയ്ക്കുവേണം ഉയരാൻ...

സ്ത്രീത്വത്തെ ആദരിക്കുന്ന അവളുടെ പ്രശ്നങ്ങൾ തിരിച്ചറിഞ്ഞു കൂടെ നിൽക്കുന്ന, അവളെ സ്നേഹിക്കുന്ന ഒരു “അമ്മ” മനസ്സ് നമുക്ക് ആർജ്ജിച്ചെടുക്കാം. ഒന്നുകൂടി ഓർക്കുക. ആദരിച്ചില്ലെങ്കിലും അപമാനിക്കരുത്.

## ചോദ്യോത്തരവേദി

# പഴയനിയമം ആവശ്യമില്ലെന്ന് ന്യൂജനറേഷൻ അപ്പൊസ്തലൻ



ജോർജ്ജ് ഫിലിപ്പ് തെക്കേക്കര

***ചോദ്യം:*** പഴയനിയമ പുസ്തകങ്ങൾ ആവശ്യമില്ലെന്ന് ആധുനിക അപ്പൊസ്തലന്മാരും ചില പെന്തെക്കോസ്തു നേതാക്കളും പ്രൊഫസർമാരും സോഷ്യൽ മീഡിയായിൽകൂടി പ്രസ്താവനകളിറക്കുന്നു. താങ്കളുടെ പ്രതികരണം പ്രതീക്ഷിക്കുന്നു. **-യോഹന്നാൻ, പിറവം**

*ഉത്തരം:* വിശ്വാസത്താൽ നീതികരിക്കപ്പെട്ട ഒരു വിശ്വാസി ജീവിതത്തിൽ ഒന്നാം സ്ഥാനം കൊടുത്തിരിക്കുന്ന വ്യക്തിയാണല്ലോ കർത്താവായ യേശുക്രിസ്തു. കർത്താവും അപ്പൊസ്തലന്മാരും ആദിമവിശ്വാസികളും പഴയനിയമ പുസ്തകങ്ങളെ വീക്ഷിച്ചത് എങ്ങനെയാണെന്ന് പരിശോധിക്കാം.

1) കർത്താവ് **പഠിപ്പിച്ച** പുസ്തകമാണ് പഴയനിയമം (ലൂക്കോസ് 4:16-21)

2) പഴയനിയമത്തിന് **യഹോവയുടെ പുസ്തക**മെന്നാണ് പേര് (യെശയ്യാവ് 34:16)

3) ആദിമ ക്രിസ്തീയസഭയുടെ **വേദപുസ്തകം പഴയനിയമമായിരുന്നു** (അപ്പൊ.പ്ര.17:11)

4) ദൈവം അംഗീകരിച്ച പഴയനിയമ **വിശ്വാസവീരന്മാരുടെ** ചരിത്രങ്ങളെല്ലാം പഴയനിയമപുസ്തകങ്ങളിലാണുള്ളത് (എബ്രായർ 11)

5) ദൈവത്തിന് മനുഷ്യനോടുള്ള **വെളിപ്പാടിന്റെ** വിവിധഘട്ടങ്ങളാണ് പഴയനിയമവും പുതിയനിയമവും (എബ്രായർ 11:1)

6) പഴയനിയമ ഉദ്ധരണികളെ പരാമർശിക്കുമ്പോഴെല്ലാം യേശു പറഞ്ഞത് 'ദൈവം അരുളിചെയ്തത് നിങ്ങൾ വായിച്ചിട്ടില്ലയോ' എന്നാണ് (മത്താ.22:31). കൂടാതെ പഴയനിയമ വചനങ്ങൾ 'ദൈവവചനം' എന്നും 'ദൈവകല്പന' എന്നും യേശു വിശേഷിപ്പിച്ചു (മർക്കൊ. 7:13; മത്താ.15:3).

7) ദാനിയേൽ പ്രവചന പുസ്തകം അന്ത്യകാലത്ത് പലർക്കും പഠിക്കാനുള്ളതാണെന്ന് എഴുതിയിരിക്കുന്നു (ദാനി.12:10).

7) പുതിയനിയമ ഉപദേശങ്ങൾക്കും കല്പനകൾക്കും പഴയനിയമമാണ് പ്രകാശനം നല്കുന്നത്. ഉദാഹരണത്തിന് രക്തത്തിന്റെ വില, യേശുവിന്റെ രക്തത്തിന്റെ വില, യാഗം, രണ്ടാം ആദാം, ദൈവസന്നിധിയിലെ നീതികരണം, വീണ്ടെടുപ്പ്, ന്യായവിധി, മരണാനന്തരജീവിതം തുടങ്ങി എല്ലാം.

8) മോശെയുടെ ന്യായപ്രമാണത്തിലും, പ്രവാചക പുസ്തകങ്ങളിലും സങ്കീർത്തനങ്ങളിലും കർത്താവിനെക്കുറിച്ച് എഴുതിയിരിക്കുന്ന മനസ്സിലാക്കാൻ ശ്രമിക്കാതിരുന്ന യെഹൂദരെ, **മന്ദബുദ്ധികളെ എന്നാണ് കർത്താവ്** വിളിച്ചത് (ലൂക്കോസ് 24:25,44).

ആധുനിക അപ്പൊസ്തലന്മാർക്കും പെന്തെക്കോസ്തു സഭകളിലെ ബുദ്ധിജീവികൾക്കും പ്രൊഫസർമാർക്കും പഴയനിയമം പഠിക്കുന്നതിനും പഠിപ്പിക്കുന്നതിനും വൈമുഖ്യം ഉണ്ടെങ്കിലും യേശുക്രിസ്തുവും അപ്പൊസ്തലന്മാരും പഴയനിയമ ചരിത്രങ്ങളെല്ലാം വിശ്വസിക്കുകയും പഠിപ്പിക്കുകയും ചെയ്തിരുന്നു.

1) ആദാമും ഹവ്വായും ചരിത്രവ്യക്തികളാണെന്ന് കർത്താവ് വിശ്വസിക്കുകയും പഠിപ്പിക്കുകയും ചെയ്തു (മത്തായി 19:4; മർക്കോസ് 10:6).

2) നോഹയുടെ കാലത്തെ ജലപ്രളയം ചരിത്രയാഥാർത്ഥ്യമാണെന്ന് കർത്താവ് വിശ്വസിക്കയും പഠിപ്പിക്കുകയും ചെയ്തു (ലൂക്കോസ് 17:26)

3) യോനാ പ്രവാചകൻ മത്സ്യത്തിന്റെ വയറ്റിൽ 3 ദിവസം കിടന്നത് കർത്താവ് വിശ്വസിച്ചു (മത്തായി 12:40)

4) സോദോമും ഗോമറയും ഭൂമിയിൽ നിലനിന്നിരുന്നതായി അവിടുന്ന് വിശ്വസിച്ചു (മത്തായി 11:24)

5) ദാനിയേലിനെ സിംഹക്കൂട്ടിലിട്ടത് കർത്താവ് വിശ്വസിച്ചു (മത്തായി 24:15)

6) ഈജിപ്റ്റിലെ ഫറവോന്റെ കാലത്തു നടന്ന അത്ഭുതങ്ങളും മോശെ മുഖേന ചെങ്കടൽ വിഭാഗിക്കപ്പെട്ടതും കർത്താവു വിശ്വസിക്കുകയും പഠിപ്പിക്കുകയും ചെയ്തു. ഈ വിവരങ്ങളെല്ലാം ഉള്ള ബൈബിളിലെ ആദ്യത്തെ അഞ്ചു പുസ്തകങ്ങളും മോശെ എഴുതിയതാണെന്ന് അവിടുന്ന് വിശ്വസിച്ചു (മർക്കോസ് 10:4,5)

7) ഏലിയാവും ഏലീശായും നടത്തിയ അത്ഭുത ശുശ്രൂഷകൾ കർത്താവ് അനുസ്മരിച്ചു (ലൂക്കോസ് 4:25-27)

8) ശേബാരാജ്ഞി ശലോമോന്റെ ജ്ഞാനം കേൾക്കാൻ വന്നത് കർത്താവ് വിശ്വസിച്ചു (മത്തായി 12:42)

9) മുഴുവൻ തിരുവെഴുത്തുകളെയും പൗലോസ് അപ്പൊസ്തലൻ വിശ്വസിച്ചു (അപ്പൊ.പ്രവ.24:14)

അതുകൊണ്ട് സ്വർഗ്ഗരാജ്യത്തിന് ശിഷ്യനായിത്തീർന്ന ഏതു ശാസ്ത്രിയും (രക്ഷിക്കപ്പെട്ട ഏത് ഉപദേഷ്ടാവും) തന്റെ നിക്ഷേപത്തിൽ നിന്ന് പുതിയതും പഴയതും (പുതിയനിയമത്തിൽ നിന്നും പഴയനിയമത്തിൽ നിന്നും) എടുത്തുകൊടുക്കുന്ന ഒരു വീട്ടുടയവനോട് സദൃശനാകുന്നു (മത്തായി 13:52).

എന്നാൽ പഴയനിയമ കാലഘട്ടത്തിലെ യെഹൂദന്മാർക്ക് അനുസരിക്കാൻ കൊടുത്ത 513 കല്പനകളിൽ ചില കല്പനകൾ അനുസരിച്ച് രക്ഷിക്കപ്പെടുവാനും രക്ഷയിൽ വളരാനും ഒരു ക്രിസ്ത്യാനി ശ്രമിച്ചാൽ, അവൻ ശാപത്തിന് കീഴിലാണെന്നാണ് അപ്പൊസ്തലിക ഉപദേശം (ഗലാത്യർ 3:10-28). **യേശുവിന്റെ രക്തത്തിന്റെ വിലയറിയാത്തവരാണ്** അതിന് ശ്രമിക്കുന്നത്. ആദിമ സഭയിലെ ചില സഭാനേതാക്കന്മാരും ദൈവകൃപയാലുള്ള രക്ഷയുടെകൂടെ പഴയനിയമ കല്പനകളും വിശ്വാസികളുടെമേൽ അടിച്ചേൽപ്പിക്കാൻ ശ്രമിച്ചിരുന്നു (അപ്പൊ.പ്രവ.15).

**അടിക്കുറിപ്പ്:** ഫാൻസുകാരുടെ സ്തുതികളിന്മേൽ വസിച്ചുരസിച്ച കേരളത്തിലെ പ്രമുഖനെന്ന് ഉണ്ടായ അനുഭവം, ഫാൻസുടമകളായ ക്രിസ്തീയ നേതാക്കൾക്ക് ഉണ്ടാകാതിരിക്കാൻ അവർ ശ്രദ്ധിക്കുക. ഹൃദയത്തിൽ **നന്മ** ബോധപൂർവ്വം വളർത്തുന്നില്ലെങ്കിൽ **തിന്മ** വളരും. തിന്മ വളർത്തുന്ന **ശക്തൻ** അതിന് വേണ്ട സഹായവും വിജയവും നല്കും. അവസാനം പരിഹാസപാത്രമാകും. മോഷണം നടത്തുവാനും, വെട്ടിപ്പും തട്ടിപ്പും നടത്തുവാനും അവസാനം നശിപ്പിക്കുവാനുമാണല്ലോ ഒരുവനിൽ **മറവൻ** പ്രവർത്തിക്കുന്നത് (യോഹന്നാൻ 10:10).

## 01 അസംബ്ലീസ് ഓഫ് ഗോഡ് മലയാളം ഡിസ്ട്രിക്ട്...

യറക്ടർമാരായ റവ. ടി.വി പൗലോസ്, റവ. പി. ബേബി, റവ. കെ.വൈ വിൽഫ്രഡ് രാജ് എന്നിവരും റവ. സജിമോൻ ബേബി (കൊട്ടാരക്കര)യും വിവിധ യോഗങ്ങളിൽ പ്രസംഗിക്കും. റവ. ലിൻസൺ പി.സാമുവേൽ (എസ്.ഐ.ഏ.ജി സി.എ പ്രസിഡന്റ്), പാസ്റ്റർ പ്രിൻസ് തോമസ് (റാന്നി), ഇവാ. ഷാജൻ ജോൺ ഇടയ്ക്കാട് (സാർവണ്ട്), ഇവാ. ജിഫി യോഹന്നാൻ (ഐ.സി.പി.എഫ് എറണാകുളം) എന്നിവർ ഇന്നത്തെ ലോകത്തിൽ എപ്രകാരം വിശുദ്ധരായി ജീവിക്കാം എന്നതിനെ അടിസ്ഥാനമാക്കി ക്ലാസ്സുകൾ എടുക്കുന്നതാണ്.

പാസ്റ്റർ ഷിബു വി.ജെ (ജോയ്ന്റ് സെക്രട്ടറി), പാസ്റ്റർ അരുൺ കുമാർ (ഇവാഞ്ചലിസം കൺവീനർ) ബ്രദർ അജേഷ് ബേബി (ചാരിറ്റി കൺവീനർ) എന്നിവരും സെക്ഷൻ സി.ഏ പ്രസിഡന്റ്മാരും വിവിധ യോഗങ്ങളിൽ അദ്ധ്യക്ഷത വഹിക്കും. എല്ലാ ദിവസവും പ്രഭാതത്തിലുള്ള ധ്യാന സെഷനുകൾക്ക് പാസ്റ്റർ റോബർട്ട് വർഗ്ഗീസ് പെനിയേൽ (KSA) ഇവാ. സിജു ജോൺ (കടക്കാമൺ), ബ്രദർ മാത്യു കുര്യൻ (ദുബായ്) എന്നിവർ നേതൃത്വം നൽകും. സി.എ പ്രസിഡന്റ് പാസ്റ്റർ റോയ്സൺ ജോണിയുടെ അധ്യക്ഷതയിൽ 8 വെള്ളി രാവിലെ 11 മണിക്ക് നടക്കുന്ന സമാപന സമ്മേളനത്തിൽ റവ. എ. രാജൻ (മലയാളം ഡിസ്ട്രിക് കൗൺസിൽ ട്രഷറർ) ദൈവവചനം സംസാരിക്കും. പാസ്റ്റർ സെബാസ്റ്റ്യൻ (സി.എ സെക്രട്ടറി) സ്വാഗതവും ബ്രദർ ജിനു വർഗീസ് (സി.എ ട്രഷറാർ) നന്ദിയും രേഖപ്പെടുത്തും. പ്രകൃതി രമണീയമായ ക്യാമ്പസിൽ തട്ടുകട ഉൾപ്പെടെയുള്ള രുചികരവും വിഭവസമൃദ്ധവുമായ ഭക്ഷണം, സുരക്ഷിതമായ താമസ സൗകര്യം എന്നിവ ഈ ക്യാമ്പിന്റെ പ്രത്യേകതകൾ ആയിരിക്കും. സ്കിറ്റ്, ഗെയിംസ്, ഗാന പരിശീലനം, കൊറിയോഗ്രഫി, ഗ്രൂപ്പ് ചർച്ചകൾ, വചന ധ്യാനം, പ്രാർത്ഥന സമയം, ക്യാമ്പ്ഫയർ, ക്യാമ്പ് പത്രം, കൗൺസലിംഗ്, ഡിബേറ്റ്, വീഡിയോ ഷോ തുടങ്ങിയവയും കൂടാതെ ലൈവ് ടെലികാസ്റ്റിംഗും ഉണ്ടായിരിക്കുന്നതാണ്. ക്യാമ്പിന്റെ മീഡിയ പാർട്ണറുമാരായി ക്രൈസ്തവ എഴുത്തുപുര, ഹാർവസ്റ്റ് ടി.വി എന്നിവർ പ്രവർത്തിക്കുന്നു.

ഇവാ. മാത്യു ടി. ജോണി (എറണാകുളം)നും ടീമിനോടൊപ്പം ലോകപ്രശസ്ത ക്രൈസ്തവ സംഗീതജ്ഞരായ ഡോ. ബ്ലസ്സൻ മേമന, സിസ്റ്റർ പെർസിസ് ജോൺ എന്നിവരും ക്വയറിനു നേതൃത്വം നൽകും. ക്യാമ്പിന്റെ വിജയത്തിനായി പാസ്റ്റർ എം.എ ഫിലിപ്പ് (ജനറൽ കൺവീനർ), ബ്രദർ ജിനു വർഗീസ് (ജനറൽ കോർഡിനേറ്റർ) പാസ്റ്റർ ഷിജു വർഗീസ് (കോർഡിനേറ്റർ) എന്നിവരടങ്ങുന്ന കമ്മറ്റി ദൈവജനത്തിന്റെ പ്രാർത്ഥനയും പിന്തുണയും അഭ്യർത്ഥിച്ചിട്ടുണ്ട്.

## 01 ഇറാക്കിലെ നഗരങ്ങ....

കളിലെ ബാത്ത്റൂം ഫിറ്റിംഗ്സ്, പൈപ്പുകൾ വരെ ഇളക്കിയെടുത്തിട്ട്, ഈ വീടുകൾക്ക് തീയിടുകയോ ചെറിയ ബോംബുകൾ വച്ച് തകർക്കുകയോ ചെയ്തു. ഇർബിലിലും മറ്റ് കുർദിഷ് സ്വയം ഭരണ പ്രവശ്യകളിലെ അഭയാർത്ഥി കേന്ദ്രങ്ങളിലും കഴിയുന്ന ക്രൈസ്തവരും മറ്റ് ന്യൂനവിഭാഗങ്ങളും തങ്ങളുടെ ദേശത്തേക്ക് തിരിച്ചുവരികയാണെങ്കിൽ ഇവരെ കാത്ത് നിൽക്കുന്നത് തകർന്നടിഞ്ഞ കെട്ടിട കൂമ്പാരങ്ങൾ മാത്രം. മാത്രമല്ല ഐഎസിന്റെ സ്ലീപ്പർ സെല്ലുകൾ ഇപ്പോഴും ഇറാക്ക് പിടിച്ചെടുത്ത നഗരങ്ങളിൽ പ്രവർത്തിക്കുന്നു എന്ന് ഗവൺമെന്റ് സൈന്യം ചൂണ്ടിക്കാണിക്കുന്നു.

ഇവർ ആത്മഹത്യാ സ്ക്വാഡിലൂടെയോ അല്ലാതെയോ ബോംബാക്രമണങ്ങൾ വഴി അനേകരെ കൊലപ്പെടുത്താം.

ഐസിനുശേഷം ഉള്ള ഇറാക്കിൽ ഇറാൻ നടത്തുന്ന സ്വാധീനങ്ങളെപ്പറ്റി ന്യൂയോർക്ക് ടൈംസിൽ വന്ന ഒരു ലേഖനപ്രകാരം ഇറാക്കിനെ പരോക്ഷമായി നിയന്ത്രിക്കുന്നത് ഇനി അമേരിക്ക അല്ല പകരം ഇറാനാണെന്ന് വാദിക്കുന്നു. ഇറാക്കിലെ മന്ത്രിമാരെ നിയമിക്കുന്നതിൽ വരെ ഇറാന് നിയന്ത്രണം ഉണ്ട് എന്ന് ലേഖനത്തിൽ പറയുന്നു. ഇറാൻ തങ്ങളുടെ രാജ്യത്തെ ക്രൈസ്തവരെ പീഢിപ്പിച്ച് ഇല്ലാതാക്കാൻ ശ്രമിക്കുമ്പോൾ, ഇറാക്കിലെ ക്രൈസ്തവർ ഇറാനിൽ നിന്ന് നല്ലതൊന്നും പ്രതീക്ഷിക്കുന്നില്ല.

ഐസിനെ സാമ്പത്തികമായി സഹായിച്ചവരും ഈ ആശയങ്ങൾ ലോകത്താകമാനം കയറ്റി അയക്കുന്ന ചില പശ്ചിമ ഏഷ്യൻ രാജ്യങ്ങളും ഇന്ന് ഇറാക്ക് പുനർ നിർമ്മിക്കാൻ വിമുഖത കാണിക്കുന്നു. ഡിറ്റക്ടീവ് കഥകളിലെ ഡബിൾ ഏജന്റുമാരെ പോലെ ഇവർ ഐക്യരാഷ്ട്രസഭയേയും മറ്റ് രാജ്യങ്ങളേയും വിഡ്ഢികളാക്കുന്നു. മാത്രമല്ല ഇറാക്കിലെ പുതിയ ജനസംഖ്യ നിരക്കിൽ ഇവർ സന്തുഷ്ടരാണ്. 15 ലക്ഷത്തോളം വരുന്ന ഇറാക്കിലെ ക്രൈസ്തവ ജനസംഖ്യയിൽ ഇപ്പോൾ അഞ്ച് ലക്ഷം പേർ മാത്രമാണ് ജീവനോടുള്ളത്. മധ്യപൂർവ്വദേശത്ത് നിന്ന് ക്രൈസ്തവരേയും മറ്റ് ന്യൂനപക്ഷങ്ങളേയും ഉന്മൂലനം ചെയ്യുന്നതിൽ വിജയിച്ച ഐഎസിന്റെ രഹസ്യ പിൻതുണക്കാർ ഇന്ന് ചിരിക്കുകയാണ്. ഒറ്റ ജനത, ഒറ്റ രാഷ്ട്രം എന്ന സങ്കല്പവും ഈ ഭീകരരാഷ്ട്രങ്ങളുടെ ഫാസിസ്റ്റ് ആശയങ്ങളും താത്വികമായി ഒന്നു തന്നെയാണ്.

## 01 ഐപിസി ഫാമിലി.....



റവ. മൈക്കിൾ മാറ്റ്സ്



റവ. കെ. ജെ. തോമസ്



റവ. ജേക്കബ് മാത്യു



ഡോ. വിൽസൻ ഏബ്രഹാം



റവ. ഷിബു തോമസ്



റവ. സാം ജോർജ്ജ്



സിസ്റ്റർ ജെസ്സി ജെയ്സൺ

ൽ ന്യൂജേഴ്സിയിൽ കോൺഫറൻസ് നടക്കുന്നതിനാൽ വലിയ ജന പങ്കാളിത്വമാണ് പ്രതീക്ഷിക്കുന്നത്. ആരാധനക്കും വചനശുശ്രൂഷക്കും പ്രാധാന്യം നൽകുന്ന കോൺഫറൻസ് എന്ന നിലയിൽ ഐപിസി ഫാമിലി കോൺഫറൻസിൽ പങ്കെടുക്കുന്നവരുടെ എണ്ണം വർഷം തോറും വർദ്ധിച്ചുകൊണ്ടിരിക്കുന്നത്. കോൺഫറൻസിന്റെ സുഗമമായ നടത്തിപ്പിനും അനുഗ്രഹത്തിനുമായി നാഷണൽ ലോക്കൽ കമ്മറ്റികൾ സജീവമായി പ്രവർത്തിച്ചു വരുന്നു. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക. നാഷണൽ കൺവീനർ പാസ്റ്റർ ജോസഫ് വില്യംസ് (845)-893-5433, നാഷണൽ സെക്രട്ടറി വർഗീസ് ഫിലിപ്പ് (917)-973-0181, നാഷണൽ യൂത്ത് കോർഡിനേറ്റർ വെസ്ലി ആലുംമൂട്ടിൽ (832)-771-7939, നാഷണൽ ലേഡീസ് കോർഡിനേറ്റർ എൽസി കൊടുന്തറ (405)-823-7359.

## ഭാരവാഹികൾ

**പുനലൂർ:** ഐ.പി.സി. പുനലൂർ സെന്റർ ഭാരവാഹികളായി പാസ്റ്റർമാരായ ജെയിംസ് ജോർജ്ജ് (പ്രസിഡന്റ്), ബിജു റ്റി.ഫിലിപ്പ് (വൈസ് പ്രസിഡന്റ്), റോയി ജോൺ (സെക്രട്ടറി), ബ്രദർ പി.വി.കുട്ടപ്പൻ (ജോ. സെക്രട്ടറി), ബ്രദർ തോമസ് പീറ്റർ (ട്രഷറർ), പാസ്റ്റർ സജിമോൻ ഫിലിപ്പ് (പബ്ലിസിറ്റി കൺവീനർ), പാസ്റ്റർ ഷാജി സോളമൻ (ഇവാഞ്ചലിസം ബോർഡ് കൺവീനർ) എന്നിവരെ തിരഞ്ഞെടുത്തു.

**കായംകുളം:** ഐപിസി ആലപ്പുഴ ഈസ്റ്റ് സെന്റർ പി.വൈ.പി.എ. ഭാരവാഹികളായി പാസ്റ്റർ സുരേഷ് മാത്യു (പ്രസിഡന്റ്) ഇവാ. ജെയിംസ് എം. മാത്യു, ഡോ. ജോജി ഗീവർഗ്ഗീസ് (വൈസ് പ്രസിഡന്റുമാർ), ബ്രദർ അമൽരാജ് മാവേലിക്കര (സെക്രട്ടറി), ബ്രദർ ഷാജി വർഗീസ് (ജോ. സെക്രട്ടറി), ബ്രദർ ഫെബിൻ വർഗീസ് ഫിലിപ്പ് (ട്രഷറാർ), ബ്രദർ ഗിഫ്റ്റൺ മോനച്ചൻ (ടാലന്റ് കൺവീനർ), ബ്രദർ റ്റിബിൻ തോമസ് (പബ്ലിസിറ്റി കൺവീനർ) എന്നിവരെ എക്സിക്യൂട്ടീവ് അംഗങ്ങളായും സഹോദരന്മാരായ ഗ്ലാഡ്വിൻ ജോസ്, ജിജോ ശാമുവേൽ, ലിബിൻ സജി, എബി ഡാനിയേൽ, ലിജോ ജോൺ, ഷോബിൻ തോമസ് എന്നിവരെ കമ്മറ്റി അംഗങ്ങളായും തിരഞ്ഞെടുത്തു.

# നിത്യതയിൽ



### പാസ്റ്റർ ഇ.സി.ജോർജ് (99)

**പത്തനാപുരം:** ഇന്ത്യ പെന്തക്കോസ്ത് ദൈവസഭ സീനിയർ മിനിസ്റ്ററും മേഖലാ പ്രസിഡന്റും പത്തനാപുരം സെന്റർ പാസ്റ്ററുമായ ഈട്ടിവിളയിൽ ശാലേം നിവാസിൽ പാസ്റ്റർ ഇ.സി. ജോർജ് (99) ഭവനത്തിലെയും പത്തനാപുരം ഐ.പി.സി. ശാലേം സഭാഹാളിലെയും ശുശ്രൂഷയ്ക്കുശേഷം സഭസെമത്തേരിയിൽ സംസ്കാരം നടത്തി. കൊട്ടാരക്കര ഐപിസി ബർശേബ ഹാളിൽ പൊതുദർശനത്തിനു വച്ചു.

ഭാര്യ: കോടുകുളഞ്ഞി കടവനാൽതറയിൽ പരേതയായ മറിയാമ്മ. മക്കൾ: പരേതയായ അന്നമ്മ ചെറിയാൻ, എലിസബത്ത് വർഗീസ്, പെർസിസ് സോമൻ (യു.എസ്.എ), പാസ്റ്റർ തോമസ് ജോർജ് (ഐ.പി.സി ഓസ്ട്രേലിയ റീജൻ പ്രസിഡന്റ്), പാസ്റ്റർ സാം ജോർജ് (ഐ.പി.സി മുൻ ആക്ടിങ്ങ് ജനറൽ സെക്രട്ടറി), പാസ്റ്റർ ജേക്കബ് ജോർജ് (ഐ.പി.സി യു.കെ- അയർലന്റ് റീജിയൻ പ്രസിഡന്റ്), പാസ്റ്റർ ഏബ്രഹാം ജോർജ് (മെൽബൺ മിറക്കിൾ സെന്റർ, ഓസ്ട്രേലിയ), സാറാമ്മ. മരുമക്കൾ: പാസ്റ്റർ സി.ഐ. ചെറിയാൻ (കുമ്പനാട്), കെ.ബി. വർഗീസ് (പത്തനാപുരം), സാം കോട്ടുപ്പള്ളി (യു.എസ്.എ), ലീലാമ്മ ജോർജ് (ഓസ്ട്രേലിയ), മോളി ജോർജ് (യു.എസ്.എ), മറിയാമ്മ ജേക്കബ് (യു.കെ.), സൂസൻ ഏബ്രഹാം (ഓസ്ട്രേലിയ), പാസ്റ്റർ തോമസ് റ്റി.ജോസഫ് (ഐ.പി.സി നെല്ലിക്കാല).

### രാജൻ എം. ഏബ്രഹാം (76)



**ഒക്കലഹോമ:** ഇടയാറുമുള കൊച്ചുവടക്കേടത്തു മൂഴികത്തയിൽ പരേതനായ ഏബ്രഹാമിന്റെയും ഓതറ കുന്നുതറയിൽ ശോശാമ്മയുടെയും മകൻ രാജൻ എം. ഏബ്രഹാം നിത്യതയിൽ ഒക്കലഹോമായിലെ പ്രെയ്സ് ടാബർനാക്കളിലെ ശുശ്രൂഷയ്ക്ക് ശേഷം യൂക്കോൺ സെമിത്തേരിയിൽ നടത്തി. ഭാര്യ കുഞ്ഞുമോൾ പത്തനംതിട്ട മാടപ്പളിൽ പതാലിൽ കുടുംബാംഗമാണ്.

മക്കൾ: പ്രറ്റി, പ്രമോദ്, പ്രീതി, ബ്യൂസി. മരുമക്കൾ: സാബു തോപ്പിൽ കാനം, എൽസാ കുളത്തൂർ പത്തനംതിട്ട, സന്തോഷ് പ്ലാമ്പാക്കുട, അനിൽ പയറ്റുകാലായിൽ തിരുവല്ല. കൊച്ചുമക്കൾ: ഷീഫ, ക്രിസ്റ്റീൻ, ഏബൽ, ഗ്ലോറിയ, അബിഗെയിൽ, ഇവ. ക്യാത്തറിൻ, ഇസബെല്ലാ (എല്ലാവരും അമേരിക്കയിൽ), പരേതയായ കുഞ്ഞൂഞ്ഞമ്മ കൊല്ലകടവ് സഹോദരിയാണ്.



### പാസ്റ്റർ എം. പൊന്നയ്യൻ

**വെള്ളറട:** വെള്ളറട കോട്ടയംവിള യഹോവയിരെ ജൈവസഭാ സ്ഥാപക പ്രസിഡന്റ് പാസ്റ്റർ എം. പൊന്നയ്യൻ (73) നിത്യതയിൽ. സംസ്കാരം നടത്തി. ഭവനത്തിൽ നടന്ന ശുശ്രൂഷയ്ക്ക് പാസ്റ്റർ ജസ്റ്റിൻ കുമാർ അദ്ധ്യക്ഷത വഹിച്ചു. പാസ്റ്റർ എം. യേശുദാസ് മുഖ്യശുശ്രൂഷകൾ ചെയ്തു. പാസ്റ്റർമാരായ ജസ്റ്റിൻ ആൽബിൻ, ഏശായ്യൻ, ഡി. ക്രിസ്തുദാസ്, ജോൺ വ്രൈറ്റ്, ജപരാജ്, മധു: സെബാസ്റ്റ്യൻ, ജോയി, കുളത്തൂർ സൈമൺ, മനോഹരൻ തുടങ്ങിയവർ പ്രസംഗിച്ചു.

ഭാര്യ: എം. ബേബി. മക്കൾ: സ്റ്റാൻലി, സതീഷ്കുമാർ ലീലാ ഭായി, ക്രിസ്റ്റൽ, പാസ്റ്റർ സജിമോൻ. മരുമക്കൾ: ബി.റ്റി. ബിനു, നിർമ്മലാ, പാസ്റ്റർ ഡേവിഡ്, ജയപാണ്ടി, അജിതാ, പരേതൻ കേരള, തമിഴ്നാട്, കർണ്ണാടക, മഹാരാഷ്ട്ര, ആന്ധ്ര എന്നീ സംസ്ഥാനങ്ങളിൽ 65 -സഭകൾ സ്ഥാപിച്ചു. ബാംഗ്ലൂർ സിറ്റിയിൽ യഹോവയിരെ ബൈബിൾ കോളേജ്, യഹോവയിരെ വോയിസ് മാസിക എന്നിവ നടത്തിവരുന്നു. പാസ്റ്റർ എസ്. ഇ. ജ്ഞാനദാസ് അനുശോചനം അറിയിച്ചു.

### സിസിലി സെബാസ്റ്റ്യൻ (86)



**പള്ളിക്കുന്നു (വയനാട്):** ഐപിസി പള്ളിക്കുന്നു സഭാംഗവും വാളായിൽ സെബാസ്റ്റ്യൻ ദേവസ്യായുടെ സഹധർമ്മിണിയുമായ ഇലവുംതടത്തിൽ സിസിലി സെബാസ്റ്റ്യൻ (86) നിത്യതയിൽ. സംസ്കാരം നടത്തി. ഐപിസി കോട്ടയം നോർത്ത് സെന്റർ ശുശ്രൂഷകൾ സണ്ണി ജോർജ്ജ് മുഖ്യശുശ്രൂഷ നിർവ്വഹിച്ചു. ഐപിസി പാലക്കാട് നോർത്ത് സെന്റർ ശുശ്രൂഷകൻ എം. വി. മത്തായി, വയനാട് സെന്റർ ശുശ്രൂഷകൻ തോമസ് തോമസ്, ഇരിട്ടി സെന്റർ ശുശ്രൂഷകൻ തോമസ് തോമസ്, ഇരിട്ടി സെന്റർ ശുശ്രൂഷകൻ കെ. ഐ. വർഗീസ് പാസ്റ്റർമാരായ സുനിൽ ഏബ്രഹാം, ജിംസ് തോട്ടത്തിൽ, ഡി.മാത്യു, സജി പള്ളിക്കുന്നു, പി. വി. സന്തോഷ് ടൈറ്റസ് ജേക്കബ്, ബാബു ഡാനിയേൽ (ഐ സി.പി.എഫ്) തുടങ്ങിയവർ അനുശോചനം അറിയിച്ചു.

മക്കൾ: വി.ഡി.ചിപ്പി, ഡെയ്സി, എൽസി, ഫെൽസി, ജോയ്സി, അഹിൽ സെബാസ്റ്റ്യൻ, നാൻസി. മരുമക്കൾ: റോയ് മാത്യു ചീരൻ, തോമസ് മാത്യു, പി.ഡി. ജോൺ, ജോൺ ജോർജ്ജ്, പാസ്റ്റർ എൻ.പി. പീറ്റർ, സജി മാഞ്ഞുരാൻ.



### തങ്കമ്മ (65)

**പാണ്ടനാട്:** ചർച്ച് ഓഫ് ഗോഡ് ഇൻ ഇൻഡ്യ കീഴ്വന്മഴി സഭാംഗമായ വിരുത്തിയേത്ത് ലിജു കോട്ടേജിൽ എം. എ വർഗീസിന്റെ ഭാര്യ തങ്കമ്മ (65) നിത്യതയിൽ. സംസ്കാരം സഭാ സെമിത്തേരിയിൽ നടത്തി. ഭവനത്തിലും സെമിത്തേരിയിലും നടന്ന ശുശ്രൂഷയ്ക്ക് മൗണ്ട് സയോൺ ബൈബിൾ സെമിനാരി പ്രിൻസിപ്പാളും, ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റ് കൗൺസിൽ അംഗവുമായ റവ. ഡോ ഷിബു കെ മാത്യു നിർവ്വഹിച്ചു. ശുശ്രൂഷകൾക്ക് സഭാ ശുശ്രൂഷകൻ പാസ്റ്റർ ഷാജി ഫിലിപ്പ് നേതൃത്വം നല്കി. ഡിസ്ട്രിക് പാസ്റ്റർമാരായ ജോൺ ഫിലിപ്പ് ഏഴംകുളം, പി. ജി പോൾ, ജോയി. എ ചാക്കോ, പാസ്റ്റർമാരായ ജെയ്സ് പാണ്ടനാട്, ഷൈജു തോമസ് ഞാറയ്ക്കൽ, ബെന്നി, സണ്ണി സഖറിയ, പി. റ്റി മാത്യു, ഷാജി മാത്യു, ഏബ്രഹാം മാത്യു, ഐസക്, സി. ജെ വർഗീസ് തുടങ്ങി അനേകം ദൈവദാസന്മാർ ആശ്വാസ വാക്കുകളും അനുശോചനവും അറിയിച്ചു.

മക്കൾ: ലിനു, ലിജു (ഷാർജ). മരുമക്കൾ: റോയി ഫിലിപ്പോസ് (ഡി. പാസ്റ്റർ സിജിഐ നെടുമങ്ങാട് ഈസ്റ്റ്), ബ്ലസ്സി (ഷാർജ). കൊച്ചുമക്കൾ: റോഷ്‌ലി, ഏബെൽ.

## സ്വാതന്ത്ര്യദിന സന്ദേശ വാഹനറാലിയും തേനിലും മധുരം സംഗീത സായാഹ്നവും

2017 ഓഗസ്റ്റ് 15ന് സ്വാതന്ത്ര്യദിനത്തിൽ പി. വൈ.പി.എ. ആലപ്പുഴ മേഖലയുടെ ആഭിമുഖ്യത്തിൽ ഉച്ചയ്ക്ക് 1.30ന് മാവേലിക്കര തട്ടാരമ്പലത്തുനിന്നും പ്രാർത്ഥിച്ചു ആരംഭിക്കുന്ന റാലിയിൽ മേഖലയിൽ നിന്നും ഉള്ള ആലപ്പുഴ ഈസ്റ്റ്, ആലപ്പുഴ വെസ്റ്റ്, ചെങ്ങന്നൂർ, മാവേലിക്കര ഈസ്റ്റ്, മാവേലിക്കര വെസ്റ്റ് സെന്ററുകളും കുട്ടനാട്, നൂറനാട്, ചേർത്തല എന്നീ ഏരിയ പ്രവർത്തകരും അണിചേരുന്ന സ്വാതന്ത്ര്യദിനറാലി വൈകിട്ടു 4:00 ആലപ്പുഴ കളർകോട് ജംഗ്ഷനിൽ സ്റ്റേറ്റ് പി. വൈ. പി. എ. റാലിയോടൊപ്പം സംഗമിച്ചു പര്യവസാനിക്കും. തുടർന്ന് 5:00 മണി മുതൽ തേനിലും മധുരം 2017 എന്ന പേരിൽ നടത്തപ്പെടുന്ന ക്രിസ്തീയ സംഗീത ശുശ്രൂഷ കളർകോട് അഞ്ജലി ഓഡിറ്റോറിയത്തിൽ വെച്ച് നടത്തപ്പെടുന്നു.

പ്രശസ്ത ഗായകൻ വിജയ് ബെനഡിക്ട്, കൂടാതെ ജെയ്സൺ സോളമൻ കോട്ടയം, സിസ്റ്റർ ജിജി സാം, സിസ്റ്റർ ലിജി യേശുദാസ് എന്നിവർ ഗാനശുശ്രൂഷ നിർവഹിക്കുന്നു. ബ്രദർ യേശുദാസ് ജോർജ്ജ് നേതൃത്വം നൽകും. പി.വൈ.പി.എ. സംസ്ഥാന പ്രസിഡന്റ് ബ്രദർ സുധി ഏബ്രഹാം അധ്യക്ഷപദം അലങ്കരിക്കുന്ന പ്രസ്തുത പ്രോഗ്രാമിൽ ഐ. പി. സി. കേരളാ സ്റ്റേറ്റ് സെക്രട്ടറി പാസ്റ്റർ ഷിബു നെടുവേലിൽ ഉത്ഘാടനം നിർവ്വഹിക്കും.

മേഖലയിലുള്ള സെന്റർ ശുശ്രൂഷകന്മാരായ പാസ്റ്റർ എം.വി. വർഗീസ്, പാസ്റ്റർ ഏബ്രഹാം ജോർജ്ജ്, പാസ്റ്റർ തോമസ് ഫിലിപ്പ്, പാസ്റ്റർ ജോൺ കെ. മാത്യു, പാസ്റ്റർ ജേക്കബ് ജോൺ എന്നിവരെ മേഖല പി.വൈ.പി.എ.യും കൂടാതെ പ്രസംഗവേദിയിൽ 50 വർഷം പൂർത്തീകരിച്ച ഐ.പി.സി. ജനറൽ സെക്രട്ടറി പാസ്റ്റർ കെ. സി. ജോണിനെ സ്റ്റേറ്റ് പി. വൈ. പി. എ.യും ആദരിക്കും. ആലപ്പുഴ മേഖല പി.വൈ.പി.എ ഭാരവാഹികളായ ബ്രദർ ജസ്റ്റിൻ രാജ്, പാസ്റ്റർ മനു വർഗീസ്, ബ്രദർ മാത്യു വർഗീസ്, ഇവാ. സൈജുമോൻ കെ., ഇവാ. സുരേഷ് മാത്യു, ബ്രദർ ജോൺ വിനോദ് സാം, ബ്രദർ ബ്ലെസ്സൻ കരിപ്പുഴ, ബ്രദർ ഗിൽബെർട് സാമുവേൽ എന്നിവർ നേതൃത്വം നൽകും. ബ്രദർ വെസ്ലി പി. എബ്രഹാം ആലപ്പുഴ പ്രോഗ്രാം കൺവീനറായി പ്രവർത്തിക്കുന്നു. പവർവിഷൻ ടിവി ചാനൽ മീഡിയ പാർട്ണറായി പ്രവർത്തിക്കും.

E-mail: beljourn@gmail.com
Website: www.beljourn.com
Office: 0469 2666 995

CHURCH OF GOD
UMM Al Quwain (UAE)
WORSHIP
Friday 11am - 1.30pm
COTTAGE MEETING
Saturday 8pm - 9.30pm
E-mail: churchofgoduae@gmail.com

Pr. Binu Thomas
Ph: 00971-505516735

Pr. John Koshy
Ph: 00971-559270602

Patmos Ministries India
ഭാരത സുവിശേഷീകരണത്തിനായി അണിചേരൂ • ഇന്ത്യയുടെ 13 സംസ്ഥാനങ്ങളിലും നേപ്പാളിലും ബർമയിലും പ്രവർത്തനങ്ങൾ • പ്രാർത്ഥനാ ഗോപുരങ്ങൾ • കോൺഫ്രൻസുകൾ • ക്രൂസേഡുകൾ • തദ്ദേശീയരായ സുവിശേഷവേലക്കാരെ പരിശീലിപ്പിക്കുന്നട്രെയിനിംഗ്സെന്ററുകൾ • ഓർഫനേജുകൾ • മിഷൻസ്കൂളുകൾ • ജീവകാരുണ്യ സഹായം • ബൈബിൾ വിതരണം • ടി.വി. മിനിസ്ട്രി • സ്വയംതൊഴിൽ സംരംഭങ്ങൾ • ആതുരസേവനങ്ങൾ • കംമ്പ്യൂട്ടർ സെന്റർ • അനാഥർക്ക് ആശ്വാസഭവനവും ഭക്ഷണവും

പ്രാർത്ഥനയ്ക്കായി വിളിക്കൂ
പത്മോസ് പ്രയർ ടവർ
തിരുവല്ല: 09495614414, ചങ്ങനാശ്ശേരി: 09495174721
കാട്ടാക്കട, തിരുവനന്തപുരം: 09497744829,
ഗുജറാത്ത്: 09687480090
ഡൽഹി : 09811548283, മൈസൂർ: 09739973959

Head Office: Patmos Ministries India, Zion Bunglow, Changanacherry, 686 101, Kottayam (Dis) Kerala-India

MOB: 944736879, TEL: 0469 2666995
beljourn@gmail.com
beljourn.com/ www.bjournal.org
VOL 10, ISSUE 14

BELIEVERS JOURNAL

PUBLISHED ON 25/07/2017

BELIEVERS JOURNAL
P. O. Box: 31, Manjadi P.O.,
Thiruvalla - 689 105
Posted at RMS Thiruvalla

RNI. NO. KERMAL/2008/26530 | POSTAL REG. NO. KL/TLA/225/2015-17 | Price: ₹10




Printed & Published by Peter Mathew Owned By M.V. Philip Mekkattu House, Payippad P.O, Alappuzha- 690 556, Samkutty Mathew Koipurath House, Makkapuzha.P.O., Ranni,PTA - 689 676, Peter Mathew, Valliyathu House, Kallumkal P.O., Thiruvalla, PTA- 689 111. Published From P.B. No. 8, R.S.P.O.Thiruvalla, Pin: 689 111 Pathanamthitta (Dist) & Printed at Cochin Printech Pvt Ltd., Udyogamandal P.O., Ernakulam Dist. Kerala, Editor - Samkutty Mathew.